بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْم    نَحْمَدُهٗ وَنُصَلِّي عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം
1
വാർഷിക വരിസംഖ്യ
300 രൂപ

# ബദർ
വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം
25
പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ആഗസ്റ്റ് 25/ഹി:ശം:1395 ളുഹൂർ 25/ഹി:ഖ: 1437 ദുൽഖഅ്ദ് 21

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂലായ് 22ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**ആരാണോ സത്യഹൃദയത്തോടെ അല്ലാഹുവിനെ വിശ്വസിക്കുന്നത് അല്ലാഹു അവനെ നഷ്ടപ്പെടുത്തകയില്ലെന്നും സത്യം അവനിൽ തുറക്കുമെന്നും സത്യമായത് അവനെ കാണിക്കുമെന്നും വിശുദ്ധ ഖുർആനിൽ വാഗ്ദാനമുണ്ട്.**

**അല്ലാഹുവിന്റെ സത്ത വിശാലമായ കാരുണ്യം ഉൾക്കൊള്ളുന്നതാണ്. ആരെങ്കിലും ഒരു ചുവടു അവനിലേക്കു വന്നാൽ അവൻ രു ചുവട് വരുന്നു. ആരാണോ അവനിലേക്ക് വേഗം വരുന്നത് അവൻ അവനിലേക്ക് ഓടിവരുന്നു. അന്ധന്റെ കണ്ണുകൾ തുറന്നുകൊടുക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ആരാണോ സത്യഹൃദയത്തോടെ അല്ലാഹുവിനെ വിശ്വസിക്കുന്നത് അല്ലാഹു അവനെ നഷ്ടപ്പെടുത്തുകയില്ലെന്നും സത്യം അവനിൽ തുറക്കുമെന്നും സത്യമായത് അവനെ കാണിക്കുമെന്നും വിശുദ്ധ ഖുർആനിൽ വാഗ്ദാനമുണ്ട്. وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا

ഈ ആയത്തിന്റെ അർഥം അല്ലാഹുവിൽ വിശ്വസിക്കുന്നവർ പാഴാക്കപ്പെടുകയില്ല എന്നാണ്. അവസാനം അല്ലാഹു പൂർണമായ സന്മാർഗം അവന് നല്കുന്നു. ഇതിന് നൂറുക്കണക്കിന് ഉദാഹരണങ്ങൾ സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ചില അന്യജനതയിൽപ്പെട്ടവർ പൂർണമായ ആത്മാർഥതയോടെ അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമങ്ങളിൽ മുഴുകുകയും ചെയ്തപ്പോൾ അല്ലാഹു അവരുടെ ആ ആത്മാർഥതയ്ക്ക് പകരം നല്കിയത് അവരുടെ കണ്ണുകൾ തുറക്കുക എന്നതായിരുന്നു. പ്രത്യേകമായ തന്റെ സഹായംകൊണ്ട് നബി(സ)തിരുമേനിയുടെ സത്യത അവരിൽ പ്രകടമാക്കി. ഈ അർഥമാണ് ഈ വചനത്തിന്റെ അവസാന വാക്യത്തിന്റേത്. ഫലഹും അജ്റുഹും ഇൻദ റബ്ബിഹിം അല്ലാഹുവിന്റെ പ്രതിഫലം ലോകത്ത് പ്രകടമാകാത്തിടത്തോളം പരലോകത്തും പ്രകടമാകുകയില്ല. ലോകത്ത് അല്ലാഹുവിനെ വിശ്വസിക്കുന്നതുകൊണ്ട് ഈ പ്രതിഫലമാണ് ലഭിക്കുന്നത്. അത്തരം വ്യക്തിക്ക് അല്ലാഹു പൂർണമായ ഹിദായത്ത് നല്കുന്നു. അവനെ പാഴാക്കുകയില്ല. അതിലേക്ക് ഈ വചനവും സൂചന നല്കുന്നു:

وَاِنْ مِّنْ اَهْلِ الْكِتٰبِ اِلَّا لَيُؤْمِنَنَّ بِهٖ قَبْلَ مَوْتِهٖ

അതായത് ആരാണോ യഥാർഥത്തിൽ അഹ്‌ലെ കിതാബായിട്ടുള്ളത് അവർ സത്യഹൃദയത്തോടെ അല്ലാഹുവിലും അവന്റെ ഗ്രന്ഥത്തിലും വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് അവൻ അവസാനം ഈ നബിയിലും വിശ്വസിക്കുന്നതാണ്. അങ്ങനെത്തന്നെയാണ് സംഭവിച്ചതും. എന്നാൽ, ദുർവൃത്തനായിട്ടുള്ളവൻ-അവനെ അഹ്‌ലെ കിതാബെന്ന് പറയാൻ പാടില്ല-വിശ്വസിക്കുകയില്ല. ഇപ്രകാരമുള്ള ധാരാളം ഉദാഹരണങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ കാണാവുന്നതാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു എത്രമാത്രം ഉദാരനും കരുണാമയനുമാണെന്നാൽ ആരെങ്കിലും അണുമാത്രം നന്മചെയ്താലും അതിന്റെ പ്രതിഫലമായി ഇസ്‌ലാമിൽ അവനെ പ്രവേശിപ്പിക്കുന്നു. ഒരു ഹദീഥിലും വന്നിട്ടുണ്ട്, ഒരു സ്വഹാബി നബി(സ)തിരുമേനിയോടു ചോദിച്ചു: 'ഞാൻ അവിശ്വാസത്തിന്റെ അവസ്ഥയിൽ അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി മാത്രം ധാരാളം ധനം മിസ്ക്കീന്മാർക്ക് നല്കിയിരുന്നു. അതിന്റെ പ്രതിഫലവും എനിക്കു കിട്ടുമോ?' നബി(സ)തിരുമേനി പറഞ്ഞു,'ആ ദാനധർമങ്ങളാണ് നിന്നെ ഇസ്‌ലാമിലേക്ക് വലിച്ചുകൊണ്ടുവന്നത്. അതിനാൽ അന്യജനതയിൽപ്പെട്ട ആരാണോ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നത് فَلَهُمْ اَجْرُهُمْ عِنْدَ رَبِّهِمْ എന്ന ആയത്തനുസരിച്ച് അവസാനം അവനെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്നതാണ്.

ബഹ്റുൽ ജവാഹിർ എന്ന ഗ്രന്ഥത്തിലെഴുതിയിരിക്കുന്നു, അബുൽ ഖയ്ർ എന്നുപേരുള്ള ഒരു യഹൂദി ഉണ്ടായിരുന്നു. അദ്ദേഹം സൽപ്രകൃതക്കാരനും വിശ്വസ്തനുമായിരുന്നു. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കിയിരുന്നു. ഒരിക്കൽ അദ്ദേഹം ബാസാറിലൂടെ പോകുമ്പോൾ ഒരു മസ്ജിദിൽനിന്ന് ഓതുന്ന ശബ്ദം അയാൾ കേട്ടു. ഒരു ആൺകുട്ടി വിശുദ്ധഖുർആനിലെ ഈ ആയത്ത് ഓതുകയായിരുന്നു.

الٓمّٓ ○ اَحَسِبَ النَّاسُ اَنْ يُّتْرَكُوْٓا اَنْ يَّقُوْلُوْٓا اٰمَنَّا وَهُمْ لَا يُفْتَنُوْنَ ○

'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്നു പറയുന്നതുകൊണ്ട് മാത്രം മോക്ഷം പ്രാപിക്കുമെന്ന് ആളുകൾ ധരിക്കുന്നുണ്ടോ? ഇപ്പോൾ അല്ലാഹുവിന്റെ മാർഗത്തിൽ അവർ പരീക്ഷിക്കപ്പെട്ടിട്ടില്ല; അവരിൽ വിശ്വാസം കൈക്കൊണ്ടവരെപ്പോലുള്ള സ്ഥൈര്യവും സത്യസന്ധതയും കൂറും ഉണ്ടോ ഇല്ലേ എന്ന്. ഈ ആയത്ത് അബുൽഖയ്റിന്റെ മനസ്സിനെ സ്വാധീനിച്ചു. അയാളുടെ മനസ്സിനെ അലിയിച്ചു കളഞ്ഞു. അപ്പോൾ അയാൾ മസ്ജിദിന്റെ ഭിത്തിയോടു ചേർന്നുനിന്ന് ഏങ്ങലടിച്ചു കരയാൻ തുടങ്ങി. രാത്രിയിൽ ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദുമുസ്തഫാ(സ)അയാളുടെ സ്വപ്നത്തിൽ വന്നു. എന്നിട്ട് പറഞ്ഞു:

يَا اَبَا الْخَيْرِ اَعْجَبَنِي اَنَّ مِثْلَكَ مَعَ كَمَالِ فَضْلِكَ يُنْكِرُ بِنُبُوَّتِي

അബൂ ഖയ്റേ! നിന്നെപ്പോലുള്ള മനുഷ്യൻ തികഞ്ഞ കൃപാകടാക്ഷവും അന്തസും ഉണ്ടായിട്ടും എന്റെ നുബുവ്വത്തിനെ നിഷേധിക്കുന്നതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. നേരം വെളുത്തുടനെ അബുൽഖയ്ർ മുസ്‌ലിമാകുകയും തന്റെ ഇസ്‌ലാം വിളംബരപ്പെടുത്തുകയും ചെയ്തു.

............ വാസ്തവത്തിൽ മോക്ഷത്തിന്റെ വേര് മഅ്രിഫത്ത് അഥവാ ഈശ്വരജ്ഞാനമാണ്.

مَنْ كَانَ فِيْ هٰذِهٖٓ اَعْمٰى فَهُوَ فِي الْاٰخِرَةِ اَعْمٰى وَاَضَلُّ سَبِيْلًا

അതായത് ഈ ലോകത്ത് അന്ധനായിരിക്കുന്നവൻ പരലോകത്തും അന്ധൻതന്നെയായിരിക്കും. അല്ലെങ്കിൽ അതിനെക്കാൾ മോശമായിരിക്കും. അല്ലാഹുവിന്റെ ദൂതന്മാരെ തിരിച്ചറിയാത്തവൻ അല്ലാഹുവിനേയും തിരിച്ചറിയുന്നില്ല എന്നത് തികച്ചും സത്യമാണ്. അല്ലാഹുവിന്റെ മുഖത്തിന്റെ കണ്ണാടി അവന്റെ റസൂലാണ്. അല്ലാഹുവിനെ കാണുന്ന എല്ലാ ഓരോരുത്തരും ആ കണ്ണാടിയിലൂടെയാണ് കാണുന്നത്. ഒരാൾ ലോകത്ത് ആയുസ്സുമുഴുവൻ നബി(സ)തിരുമേനിയെ കളവാക്കിക്കൊണ്ടും നിഷേധിച്ചുകൊണ്ടും വിശുദ്ധ ഖുർആനെ നിഷേധിച്ചുകൊണ്ടും ജീവിച്ചു. അല്ലാഹു അവന് കണ്ണുകൾ നല്കിയില്ല. മനസ്സും നല്കിയില്ല. അവൻ അന്ധനായിത്തന്നെ ഇരുന്നു! അന്ധനായിത്തന്നെ മരിച്ചു! എന്നിട്ട് മോക്ഷവും പ്രാപിച്ചു. ഇത് അത്ഭുതകരമായ മോക്ഷംതന്നെ! ഇത് ഏതുതരത്തിലുള്ള മോക്ഷമാണ്! അല്ലാഹു ഏതൊരു വ്യക്തിയുടെ മേലാണോ കാരുണ്യം ചൊരിയാൻ ആഗ്രഹിക്കുന്നത് അവന് ആദ്യം കണ്ണുകൾ നല്കുകയും തന്നിൽനിന്ന് അവന് അറിവ് നല്കുകയും ചെയ്യുന്നത് നമ്മൾ കാണുന്നു. വെറും സ്വപ്നങ്ങളും ഇൽഹാമുകളും മുഖേന ജമാഅത്തിൽ ചേർന്നിട്ടുള്ള നൂറുക്കണക്കിന് ആളുകൾ നമ്മുടെ ജമാഅത്തിലുണ്ട്. അല്ലാഹുവിന്റെ സത്ത വിശാലമായ കാരുണ്യം ഉൾക്കൊള്ളുന്നതാണ്. ആരെങ്കിലും ഒരു ചുവടു അവനിലേക്കു വന്നാൽ അവൻ രണ്ടു ചുവട് വരുന്നു. ആരാണോ അവനിലേക്ക് വേഗം വരുന്നത് അവൻ അവനിലേക്ക് ഓടിവരുന്നു. അന്ധന്റെ കണ്ണുകൾ തുറന്നുകൊടുക്കുന്നു. അപ്പോൾപ്പിന്നെ ഒരാൾ സ്വയം അല്ലാഹുവിന്റെ സത്തയിൽ വിശ്വസിക്കുകയും അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് സത്യഹൃദയത്തോടെ മനസ്സിലാക്കുകയും അവനെ സ്നേഹിക്കുകയും അവന്റെ ഔലിയാക്കളിൽ പ്രവേശിക്കുകയും ചെയ്തിട്ടും അവന്റെ പ്രാവചകനെ തിരിച്ചറിയാൻ കഴിയാത്തവിധം അന്ധനായി വെക്കുന്നു എന്നത് എങ്ങനെ സ്വീകരിക്കാനാണ്. ഇതിനെ പിന്താങ്ങുന്നതാണ് ഈ ഹദീഥ്: مَنْ مَاتَ وَلَمْ يَعْرِفْ اِمَامَ زَمَانِهٖ فَقَدْ مَاتَ مِيْتَةَ الْجَاهِلِيَّةِ ആരാണോ തന്റെ കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിയാത്തത് അവൻ ജാഹിലിയ്യത്തിന്റെ മരണം വരിച്ചു. നേരായ മാർഗത്തിൽനിന്ന് ദൗർഭാഗ്യവാനായി."

(റൂഹാനീ ഖസായിൻ വാല്യം 22 ഹഖീഖത്തുൽ വഹ്‌യ് പേജ് 149-151)




പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്‌ബ ജുമുഅ

**അല്ലാഹുവിനുവേണ്ടി ജീവിതാർപ്പണം ചെയ്തിട്ടുള്ള വാഖ്ഫീനെ സിന്ദഗിയായിട്ടുള്ളവർക്ക്. അവരുടെ മേലാണല്ലോ ജമാഅത്തിന്റെ സേവനത്തിന്റെ ജോലിയുള്ളത്. അവരിൽ ഒന്നാമതായിട്ടുള്ളവർ മുറബ്ബിമാരാണ്. അവർ തങ്ങളുടെ ആരോഗ്യം നിലനിറുത്തുന്നതിനും സഹനശീലമുണ്ടാക്കുന്നതിനും വ്യായാമത്തിന്റെ അല്ലെങ്കിൽ നടക്കാൻപോകുന്നതിന്റെ കൃത്യമായ ശീലമുണ്ടാക്കേണ്ടതാണ്. രണ്ടാമത്തേത് ഈ പാശ്ചാത്യ രാജ്യങ്ങളിൽ അനാരോഗ്യപരമായ ഭക്ഷണവും സുലഭമാണ്. ഇതിനെ ഇക്കൂട്ടർ ജംഗ് ഫുഡ്(Junk food)എന്നാണ് പറയുന്നത്. ഇത് കഴിക്കാതിരിക്കേണ്ടതാണ്.**

**നമുക്ക് വേണ്ടത് ആരോഗ്യമുള്ള വാഖ്ഫീനെ സിന്ദഗിയേയും മുറബ്ബിമാരേയുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ജോലി നല്ലനിലയിൽ നിർവഹിക്കുന്നതിന് അവർ അശ്രദ്ധരും മടിയന്മാരുമാകാൻ പാടില്ല.**

**ചിലപ്പോൾ ദീനീസേവനത്തിന് ശബ്ദം ഉയർത്തേണ്ടിവരുന്നു. അതുകൊ് ഇതിന്റെ അടിസ്ഥാനത്തിലും ഈ ജോലി ഏല്പിച്ചിട്ടുള്ളവർ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.**

**യഥാർഥത്തിൽ നന്മകളിൽ വളരുന്നവരും തങ്ങളുടെ അവസ്ഥകളെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നിലനിറുത്തുന്നവരുമായിട്ടുള്ളവർ ചിന്താകുലയായിരിക്കുന്ന ഉമ്മയെ പോലെയാണ്; അവരുടെ നമസ്കാരങ്ങളിൽ, ദുആകളിൽ ഉണ്ടാകുന്ന കുറവ് തങ്ങളുടെ ഏതെങ്കിലും ബലഹീനതകൊണ്ടാണോ പാപത്തിന്റെ ഫലമായിട്ടാണോ ഇക്കാരണത്താൽ രോഗം പടർന്ന് ശരീരം മുഴുവൻ ബാധിച്ച് ചികിത്സയില്ലാത്ത ആത്മീയമായ രോഗമാക്കിമാറ്റുമോ എന്ന് അവർ ചിന്തിച്ചുകൊണ്ടിരിക്കുന്നു.**

**ഇക്കാര്യം ഓർമ വെക്കേണ്ടതാണ്. സ്വന്തം ഉപകാരികൾക്കും അവരുടെ മക്കൾക്കുംവേണ്ടി പ്രത്യേകമായ നിലയിൽ ദുആ ചെയ്യേണ്ടതാണ്. സന്തോഷത്തിന്റേയും സന്താപത്തിന്റേയും വേളകളിൽ അതനുഭവിച്ചറിയേണ്ടതാണ്. ജമാഅത്തംഗങ്ങൾ പൊതുവായ നിലയിലും തങ്ങളുടെ സന്തോഷവും ദുഃഖവും പ്രകടിപ്പിക്കേണ്ടതാണ്. കാരണം ജമാഅത്തും ഒരൊറ്റ അസ്തിത്വമാണ്. ഓരോ ജമാഅത്തംഗങ്ങളുടേയും സന്താപത്തേയും സന്തോഷത്തേയും അനുഭവിക്കുമ്പോഴാണ് നമുക്ക് ആ ബോധമുണ്ടാകുന്നത്. ഇക്കാര്യമാണ് ജമാഅത്തിൽ ഐക്യം അഥവാ ഒത്തൊരുമ ഉണ്ടാകുന്നതിന് മാർഗമാകുന്നതും.**

**പത്രങ്ങളിൽ പരസ്യം കൊടുക്കുന്നതുകൊ് എന്തുപ്രയോജനമാണുള്ളതെന്ന് ചിലയാളുകൾ ചിലപ്പോൾ ചോദിക്കാറുണ്ട്. (അവരോടു പറയുകയാണ്:)പരസ്യം കൊടുക്കുന്നതുകൊണ്ട് പ്രയോജനമുണ്ട്. കാരണം ആ പത്രങ്ങളുടെ സർക്കുലേഷനുകൾ കൊണ്ട് ജമാഅത്തിന്റെ വിവരങ്ങൾ ആളുകളിലെത്തുന്നു. സാഹിത്യങ്ങൾ നിങ്ങൾ വളരെ പ്രയാസപ്പെട്ട് രണ്ടുമാസത്തിൽ എത്രയാണോ വിതരണം ചെയ്യുന്നത് ഒരൊറ്റ പത്രംകൊണ്ട് ഒരു ദിവസത്തിൽ ആ വാർത്ത ചിലപ്പോൾ അതിനെക്കാൾ കൂടുതൽ ആളുകൾവരെ എത്തുന്നതാണ്. ഇക്കാലത്ത് അല്ലാഹുവിന്റെ കൃപയാൽ പത്രങ്ങൾ മുഖേന ജമാഅത്തിന്റെ പരിചയപ്പെടുത്തലുണ്ടാകുന്നു. ഞാൻ പറഞ്ഞതുപോലെ ഒരുപാടു സ്ഥലങ്ങളിൽ നടന്നുവരുന്നു.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുള്ള ചില രിവായത്തുകളുടെ ചർച്ച. അതുദ്ധരിച്ചുകൊണ്ട് ജമാഅത്തംഗങ്ങൾക്ക് ഉപദേശം**

**സിറാലിയൂൺ നായിബ് അമീർ അവ്വൽ അൽഹാജ് ഡോക്ടർ ഇദ്‌രീസ് ബങ്കോറസാഹിബിനെ കുറിച്ചും നാഇബ് അമീർ ആസ്ത്രേലിയ ഖാലിദ് സയ്ഫുല്ലാഹ് ഖാൻ സാഹിബിന്റെ ഭാര്യ മൻസ്വൂറ ബീഗം സാഹിബയെ കുറിച്ചുമുള്ള അനുസ്മരണം. ജനാസ ഗായിബ്.**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**22-07-2016/ 1395 വഫാ 22**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്വാനത്തിന്റേയും കഠിനമായ പരിശ്രമത്തിന്റേയും ശീലവും ആരോഗ്യം നിലനിറുത്തുന്നതിനും ശരീരത്തെ ഉഷാറാക്കി വെക്കുന്നതിനുള്ള മാമൂലം എന്തായിരുന്നു? ഇത് വിശദികരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:"അദ്ദേഹം ഒരിക്കലും മടിയനായിരുന്നില്ല. പ്രത്യുത കഠിനാധ്വാനിയായിരുന്നു. ഏകാന്തത ഇഷ്ടപ്പെടുന്ന ആളായിരുന്നിട്ടും ബുദ്ധിമുട്ടുകളെ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന് എപ്പോഴെങ്കിലും യാത്രപോകേണ്ടി വന്നാൽ യാത്രാവാഹനമായ കുതിരയെ ജോലിക്കാരന്റെ കൈയിൽ കൊടുത്ത് മുമ്പേ പറഞ്ഞു വിടുമായിരുന്നു. എന്നിട്ട് 20, 25 മൈൽ നടന്ന് ഉദ്ദിഷ്ട സ്ഥാനത്തെത്തുമായിരുന്നു. എന്നല്ല മിക്കപ്പോഴും അവിടന്ന് നടന്നുതന്നെയായിരിന്നു യാത്രചെയ്തിരുന്നുത്. യാത്രാവാഹനത്തിൽ വിരളമായെ കയറാറുണ്ടായിരുന്നുള്ളു. ഈ നടക്കുന്നശീലം അവസാന കാലവരെ നിലനിന്നിരുന്നു. 70 വയസ്സ് കഴിഞ്ഞ പ്രായത്തിലും തുടർച്ചയായിട്ട്, ചിലപ്പോൾ കഠിനമായ രോഗം ഉള്ളപ്പോഴും നിത്യവും കാറ്റുകൊള്ളാൻ പോകുമായിരുന്നു. നാലഞ്ച് മൈൽ ചുറ്റിക്കറങ്ങി വരുമായിരുന്നു. ചിലപ്പോൾ ഏഴുമൈൽവരെ കറങ്ങുമായിരുന്നു. വാർധക്യത്തിനുമുമ്പേയുള്ള അവസ്ഥ അവിടന്ന് വിവരിക്കാറുണ്ടായിരുന്നു; ചിലപ്പോൾ സുബ്ഹി നമസ്കാരത്തിനുമുമ്പേ എഴുന്നേറ്റ് നടക്കാൻ പോകുമായിരുന്നു. ഖാദിയാനിൽനിന്ന് ഏകദേശം ഏഴരകിലോമീറ്റർ ദുരത്തുള്ള ഡാല ഗ്രാമം വരെ എത്തുമ്പോഴായിരിക്കും സുബ്ഹിയുടെ നേരമാകുക." (റിവ്യു ഓഫ് റിലീജ്യൺസ് ഉർദു നവംബർ 1916 വാള്യം 15 നമ്പർ 11 പേജ് 402)

അതിനാൽ ഈ മാതൃകയാണ് നമുക്കുള്ളത്; പ്രത്യേകിച്ചും അല്ലാഹുവിനുവേണ്ടി ജീവിതാർപ്പണം

ചെയ്തിട്ടുള്ള വാഖ്ഫീനെ സിന്ദഗിയായിട്ടുള്ളവർക്ക്. അവരുടെ മേലാണല്ലോ ജമാഅത്തിന്റെ സേവനത്തിന്റെ ജോലിയുള്ളത്. അവരിൽ ഒന്നാമതായിട്ടുള്ളവർ മുറബ്ബിമാരാണ്. അവർ തങ്ങളുടെ ആരോഗ്യം നിലനിറുത്തുന്നതിനും സഹനശീലമുണ്ടാക്കുന്നതിനും വ്യായാമത്തിന്റെ അല്ലെങ്കിൽ നടക്കാൻപോകുന്നതിന്റെ കൃത്യമായ ശീലമുണ്ടാക്കേണ്ടതാണ്. സമയക്കുറവുകൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ നടക്കാൻപോകാൻ കഴിയുന്നില്ലെങ്കിൽ കുറച്ചുസമയം വ്യായാമത്തിനായി നീക്കിവെക്കേണ്ടതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: 'ഇപ്പോൾ യുവാക്കളായിട്ടുള്ള ചില മുബല്ലിഗുമാരുണ്ട്. അവർ വ്യായാമം ചെയ്യുന്നവരല്ലെന്ന് അവരുടെ ശരീരം പറയുന്നുണ്ടാകും. ചോദിക്കുമ്പോൾ വ്യായാമം ചെയ്യാറുണ്ടായിരുന്നു കുറച്ചുകാലമായി ഉപേക്ഷിച്ചിരിക്കുകയാണെന്ന് പറയും. എത്ര വലിയ കാര്യമാണ് നമ്മുടെ മുബല്ലിഗുമാരെ ഏല്പിച്ചിട്ടുള്ളത്. മുറബ്ബിമാരുടെ ചുമതയിലയിലുള്ളത്. അവർ അവരെ ഉത്സാഹിയും ആരോഗ്യമുള്ളവരുമാക്കി വെക്കുന്നതിന് വ്യായാമത്തിലേക്ക് മുടങ്ങാതെ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ പുറംദേശത്തെ ജാമിആയിലെ മുറബ്ബിമാർ തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കി കുറച്ചുനാൾ പരിശീലനത്തിനായി റബ്വയിൽ പോകുന്നു. അവിടെ അവരെ മെഡിക്കൽ ചെക്കപ്പും നടത്തുന്നു. അവിടത്തെ ഹൃദ്രോഗവിദഗ്ദ്ധനാണ് ഡോക്ടർ നൂരി സാഹിബ്. അദ്ദേഹം എനിക്കെഴുതി: 'മാശാ അല്ലാഹ് എല്ലാവിധത്തിലും വളരെ നല്ല മുറബ്ബിമാരാണ്. പക്ഷേ, ശരീരഭാരത്തിന്റെ അടിസ്ഥാനത്തിൽ അപകടകരമായ പരിധിക്കു മീതെയാണ് അവരിൽ ചിലരുള്ളത്. അവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കർമരംഗത്തു ചെന്നിട്ട് വീണ്ടും കൂടുതൽ ശ്രദ്ധക്കുറവിന് ഇരയായിത്തീരുന്നു.

നമ്മുടെ മുറബ്ബിമാർ അല്ലെങ്കിൽ വാഖ്ഫീനെ സിന്ദഗിമാർ ഏതെങ്കിലും തരത്തിലുള്ള വ്യായാമം നിർബന്ധമായും ചെയ്യേണ്ടതാണ്. രണ്ടാമത്തേത് ഈ പാശ്ചാത്യ രാജ്യങ്ങളിൽ അനാരോഗ്യപരമായ ഭക്ഷണവും സുലഭമാണ്. ഇതിനെ ഇക്കൂട്ടർ ജംഗ് ഫുഡ്(Junk food)എന്നാണ് പറയുന്നത്. ഇത് കഴിക്കാതിരിക്കേണ്ടതാണ്. ഇതും ശ്രദ്ധിക്കുക. ഒറ്റയ്ക്കാണെങ്കിൽ, കുടുംബം ഒപ്പമില്ലെങ്കിലും -കുറച്ചുസമയം മിഷൻ ഹൗസിൽ എങ്ങനെയെങ്കിലുമൊക്കെ കിട്ടുന്നതുമാണ്- അല്പമൊക്കെ ഭക്ഷണം പാകം ചെയ്യാനും മുറബ്ബി അറിഞ്ഞിരിക്കേണ്ടതാണ്. എന്തായാലും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇത് ഞാൻ വെറും നിങ്ങളെ ഉപദേശിക്കുകയല്ല ചെയ്യുന്നത്. അല്ലാഹുവിന്റെ കൃപയാൽ ഞാൻതന്നെയും കൃത്യമായും വ്യായാമം ചെയ്യാറുണ്ട്; സൈക്കിൾ വ്യായാമം അല്ലെങ്കിൽ മറ്റേതെങ്കിലും മിഷ്യനിൽ. അല്ലാഹു ഈ സമയംവരെ തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നുമുണ്ട്. നമുക്ക് വേണ്ടത് ആരോഗ്യമുള്ള വാഖ്ഫീനെ സിന്ദഗിയേയും മുറബ്ബിമാരേയുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ജോലി നല്ലനിലയിൽ നിർവഹിക്കുന്നതിന് അവർ അശ്രദ്ധരും മടിയന്മാരുമാകാൻ പാടില്ല.

മറ്റൊരു സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിക്കുന്നു. ഇക്കാലത്ത് ലൗഡ്സ്പീക്കർ മുതലായവകൊണ്ട് നമ്മൾ നമ്മുടെ ശബ്ദം എല്ലായിടത്തും എത്തിക്കുന്നു. ഇക്കാരണത്താൽ നമ്മളിൽ ഒരുപാടാളുകൾക്ക് ഉച്ചത്തിൽ സംസാരിക്കാനുള്ള ശീലം ഇല്ലാതായി. അല്ലെങ്കിൽ ഒരു പരിധിവരെ അവർക്ക് ഉച്ചത്തിൽ സംസാരിക്കാൻ കഴിയുമായിരിക്കാം. പ്രത്യേകിച്ചും ഉപദേശകരും മുറബ്ബിമാരും. അവർ കർമരംഗത്ത് പോകുമ്പോൾ ചിലപ്പോൾ തബ്‌ലീഗ് ചെയ്യേണ്ടിവരുന്നു. അവർ ഉച്ചത്തിൽ സംസാരിക്കാൻ പ്രാക്ടീസ് ചെയ്യേണ്ടതാണ്. ചിലപ്പോൾ സൗണ്ട് സിസ്റ്റം ഉണ്ടാകുകയില്ല; പ്രത്യേകിച്ചും ദരിദ്രരാഷ്ട്രങ്ങളിൽ. പഴയകാലത്ത് ശബ്ദം എത്തിക്കുന്നതിനുള്ള മാർഗമൊന്നും ഉണ്ടായിരുന്നില്ല. സംഘടിച്ചിട്ടുള്ളവർക്ക് ശബ്ദം എത്തിക്കാൻ വളരെ പ്രയാസപ്പെടേണ്ടി വന്നിരുന്നു. അത് വളരെ ബുദ്ധിമുട്ടുമായിരുന്നു. അതുകൊണ്ട് ആളുകൾ ശബ്ദം ഉയർന്നതാക്കാൻ പ്രാക്ടീസും ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)സാധാരണ അവസ്ഥകളിൽ പൊതുവെ പതുക്കെയാണ് സംബോധനചെയ്തിരുന്നത്. പക്ഷേ, ലോകത്തിന് ഇസ്‌ലാമികാധ്യാപനം പറഞ്ഞുകൊടുക്കേണ്ട അത്യാവശ്യ ഘട്ടം വരുമ്പോൾ ആ മഹാത്മാവിന്റെ അവസ്ഥ എന്തായിരുന്നു? ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ) ലാഹോറിൽ പ്രസംഗിക്കുന്നതിന് എഴുന്നേറ്റുനിന്നപ്പോൾ ലാഹോറിലെ ഏറ്റവും വിശാലമായ ഹാൾ(അവിടെയായിരുന്നു പ്രസംഗിക്കേണ്ടിയിരുന്നത്)ആളുകളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞിരുന്നു. എത്രമാത്രം വൻജനാവലിയായിരുന്നുവെന്നാൽ വാതിലുകൾ തുറന്നിടേണ്ടി വന്നു. എന്നല്ല വെളിയിൽ കൂടാരങ്ങളുണ്ടാക്കി. അവയും ശ്രോതാക്കളെക്കൊണ്ട് നിറഞ്ഞു. പറയുന്നു, 'ആരംഭത്തിൽ അവിടത്തെ ശബ്ദം അല്പം പതുക്കെയായിരുന്നു. അതിനാൽ ചിലയാളുകൾ അല്പം ബഹളമുണ്ടാക്കുകയും ചെയ്തിരുന്നു. എന്നാൽ, പിന്നീട് അവിടന്ന് സംസാരിച്ചു തുടങ്ങിയപ്പോൾ ആകാശത്തുനിന്ന് ആരോ കാഹളം ഊതുന്നതുപോലെ തോന്നിപ്പോയി. ജനങ്ങൾ അമ്പരന്ന് ഇരുന്നുപോയി.' പറയുന്നു,'ഉച്ചത്തിലുള്ള ശബ്ദം ദീനീപരമായ സേവനങ്ങൾക്ക് സുപ്രധാനമായ അവസ്ഥകളിൽപ്പെട്ടതാണ്.'(അൽഫദ്ൽ 1960 മാർച്ച് 2 വാല്യം 14/46 നമ്പർ 49 പേജ് 2)

നന്മയുടെ അവസ്ഥ ഒരുപോലെയാകുന്നില്ലെന്നും വലിയ ചിന്തയുണ്ടെന്നുംപറഞ്ഞ് ചിലപ്പോൾ ചിലയാളുകൾ വലിയ ആശങ്ക പ്രകടിപ്പിക്കാറുണ്ട്. തന്നിൽ നന്മ കുറഞ്ഞതിന്റെ അവസ്ഥ അല്ലെങ്കിൽ മുമ്പേ നന്മ ചെയ്യുന്നതിലോ ആരാധനയിലോ ഉണ്ടായിരുന്ന താൽപര്യത്തിൽ കുറവുണ്ടായതെന്തുകൊണ്ട് എന്നോർത്ത് മനുഷ്യൻ ആത്മ പരിശോധന നടത്തുക എന്നത് ഒരു വിധത്തിൽ പറഞ്ഞാൽ വളരെ നല്ല കാര്യമാണ്. ആ അവസ്ഥ കൂടുതൽ നിലനില്ക്കരുതെന്ന ചിന്തയുണ്ടാകണം. അതിന്റെ ചികിത്സയെ കുറിച്ച് ചിന്തിക്കണം. എന്തായാലും ഇത് വളരെ നല്ല കാര്യമാണ്. പക്ഷേ, ചിലപ്പോൾ ഇത് തിന്മയൊന്നും ആകാതെയുമിരിക്കാം. എന്നല്ല കൂടുതൽ നന്മയുടേയും കുറഞ്ഞ നന്മയുടേയും അവസ്ഥ വന്നുപോയുമിരിക്കുന്നതാണ്. നബി(സ) തിരുമേനിയുടെ അടുക്കൽ ആ മഹാത്മാവിന്റെ ഒരു സ്വഹാബി വന്നു. 'യാ! റസൂലല്ലാഹ്! ഞാൻ മുനാഫിഖാണ്. ഞാൻ അങ്ങയുടെ അടുത്ത് മജ്‌ലിസിൽ ഇരിക്കുമ്പോൾ എന്റെ അവസ്ഥ വേറൊന്നായിരിക്കും. അങ്ങയുടെ മജ്‌ലിസിൽ നിന്നെഴുന്നേറ്റു പോകുമ്പോൾ എന്റെ അവസ്ഥ മറ്റൊന്നായിരിക്കും.' അതായത് അങ്ങയുടെ സവിധത്തിൽ ഇരിക്കുമ്പോഴുള്ള നന്മയുടേയും മനഃപരിശുദ്ധിയുടേയും അവസ്ഥ വേറെ സ്ഥലത്താകുമ്പോൾ ഉണ്ടാകുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു, 'ഇതാണ് മുഅ്മിന്റെ അടയാളം, താങ്കൾ മുനാഫിഖല്ല.'(സുനനുത്തുർമുദി അബ്‌വാബുൽ ഖിയാമത്തി വർരിഖായിഖി ഹദീഥ് 2514).

അതിനാൽ നബി(സ)തിരുമേനിയുടെ സൽസംഗത്തിന്റെ സ്വാധീനം പ്രകടമാണ്. അവിടത്തെ പരിശുദ്ധമായ ശക്തിയും അവിടത്തെ സുഹ്ബത്ത് അഥവാ സഹവാസവും ഉണ്ടാക്കേണ്ട സ്വാധീനം ഉണ്ടാക്കി. അതായത് ആ മഹാത്മാവിന്റെ അടുത്തിരിക്കുന്നവരിൽ -അവർ പരിശുദ്ധ മനസ്സുമായിട്ടാണ് വന്നിരുന്നത്, എന്തെങ്കിലും പഠിക്കുന്നതിന് വേണ്ടിയിട്ടാണ് വന്നിരുന്നത്, അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ സ്ഥാനം ഉയർത്തുന്നതിന് വേണ്ടിയിട്ടാണ് വന്നിരുന്നത്- അത് സ്വാധീനം ചെലുത്തിയിരുന്നു. പിന്നീട് വെളിയിൽ പോകുമ്പോൾ അതിൽ കുറവും വരാറുണ്ടായിരുന്നു. പക്ഷേ, എന്തായാലും ആ സ്വഹാബിയുടെ മനസ്സിൽ അല്ലാഹുവിനോടു ഭയമുണ്ടായിരുന്നു. ആത്മാർഥത ഉണ്ടായിരുന്നു. അതുകൊണ്ട് നന്മയിലുണ്ടാകുന്ന കുറവിന്റെ അവസ്ഥ ദീർഘമായിപ്പോകുമോ എന്നും അവസാനം തന്നെ ദീനിൽനിന്ന് അകറ്റിക്കളയുമോ എന്നും തന്നിൽ എന്തെങ്കിലും കപടത ഉണ്ടാകുമോ എന്നുമുള്ള ചിന്ത അദ്ദേഹത്തിനുണ്ടായി. ഈ ചിന്താഗതിയായിരുന്നു സ്വഹാബാക്കളുടേത്. ഈ ബോധമുണ്ടാകുമ്പോൾ മനുഷ്യൻ ദുആയും ഇസ്തിഗ്ഫാറുംകൊണ്ട് തന്റെ അവസ്ഥ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ വിഷയം വിവരിച്ചുകൊണ്ട് ഒരിത്ത് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, 'ചില കുട്ടികളുടെ ആരോഗ്യം പൊതുവെ ഉമ്മമാരുടെ സംശയം കാരണത്താൽ ശരിയായി നിലനില്ക്കുന്നതാണ്. കുട്ടിക്ക് അല്പം എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ എന്താണ് ഉണ്ടായതെന്നറിയില്ലെന്ന് മനസ്സിലാക്കുന്നു. അതിന്റെ ഫലമായി വളരെ ശ്രദ്ധിച്ച് ചികിത്സിക്കുന്നു. കുട്ടി രോഗത്തിന്റെ കൂടുതൽ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടുന്നു. (രോഗം കൂടുന്നതിൽനിന്നും ഭയാനകാവസ്ഥയിൽനിന്നും രക്ഷപ്പെടുന്നു.) എന്നാൽ, ചില ഉമ്മമാർക്ക് കുട്ടിയുടെ രോഗം മൂർച്ഛിച്ചതിനുശേഷമായിരിക്കും മനസിലാകുക. അപ്പോൾ ചികിത്സ ദുഷ്കരമായിത്തീർന്നിട്ടുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഉമ്മയുടെ സംശയവും കുട്ടിയുടെ ആരോഗ്യത്തിന് വളരെ ഫലപ്രദമാകുന്നു. ഇപ്രകാരംതന്നെ നമ്മുടെ ഉള്ളിൽ എന്തെങ്കിലും രോഗമുണ്ടോ എന്ന സംശയവും വളരെ ഫലപ്രദമാണ്.(ഉദാഹരണത്തിന് ആത്മീയമായി ബന്ധപ്പെട്ട കാര്യങ്ങൾ. ആത്മീയതയിൽ എന്തെങ്കിലും കുറവുണ്ടാകുന്നെങ്കിൽ, ആരാധയിൽ എന്തെങ്കിലും കുറവുണ്ടാകുന്നെങ്കിൽ, എന്തെങ്കിലും നന്മ ചെയ്യുന്നതിൽ എന്തെങ്കിലും കുറവുണ്ടാകുന്നെങ്കിൽ താൻ അല്ലാഹുവിൽനിന്ന് തികച്ചും അകലുകയാണോ എന്ന സംശയമുണ്ടാകുന്നെങ്കിൽ അത്തരം സംശയവും ഫലപ്രദമായിരിക്കും). പറഞ്ഞു:'ഇപ്രകാരം മനുഷ്യൻ അപകടങ്ങളെ നേരിടുന്നതിന് തയ്യാറായിത്തീരുന്നു. തന്നെ സ്വയം ആ ആക്രമണത്തിൽനിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.'(അൽഫദ്ൽ 1949 ആഗസ്റ്റ് 7 വാല്യം 3 നമ്പർ 180 പേജ് 4)

അതുകൊണ്ട് യഥാർഥത്തിൽ നന്മകളിൽ വളരുന്നവരും തങ്ങളുടെ അവസ്ഥകളെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നിലനിറുത്തുന്നവരുമായിട്ടുള്ളവർ ചിന്താകുലയായിരിക്കുന്ന ഉമ്മയെ പോലെയാണ്; അവരുടെ നമസ്കാരങ്ങളിൽ, ദുആകളിൽ ഉണ്ടാകുന്ന കുറവ് തങ്ങളുടെ ഏതെങ്കിലും ബലഹീനതകൊണ്ടാണോ പാപത്തിന്റെ ഫലമായിട്ടാണോ ഇക്കാരണത്താൽ രോഗം പടർന്ന് ശരീരം മുഴുവൻ ബാധിച്ച് ചികിത്സയില്ലാത്ത ആത്മീയമായ രോഗമാക്കിമാറ്റുമോ എന്ന് അവർ ചിന്തിച്ചുകൊണ്ടിരിക്കുന്നു.

നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഭാഗ്യവാന്മാരായിരുന്നു. തങ്ങളുടെ അവസ്ഥയിൽ ചിന്തിച്ച് ആശങ്കാകുലരാകുമ്പോൾ അവിടത്തെ തിരുസന്നിധിയിൽ അവർ ഹാജരാകുമായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ ശക്തി പ്രഭാവംകൊണ്ട് തങ്ങളെ ശുശ്രൂഷിപ്പിക്കുമായിരുന്നു. നമ്മളും ഈ ചിന്തയിലിരുന്നുകൊണ്ട് നമ്മുടെ ആരാധനകളുടേയും ദുആകളുടേയും ഇസ്തിഗ്ഫാറിന്റേയും മാർഗം എപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇതുമുഖേന നമ്മുടെ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നമുക്ക്

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "ജനങ്ങളുടെ അന്തിമഫലം അവരുടെ മനോഭാവമനുസരിച്ചായിരിക്കും."(അതായത് അവരവരുടെ നിയ്യത്തനുസരിച്ച് പ്രതിഫലം പ്രാപിക്കുന്നതായിരിക്കും). (ഇബ്നുമാജഃ)

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു:"അല്ലയോ ജനങ്ങളേ! സലാം വ്യാപിപ്പിക്കുക. വിശക്കുന്നവന് ഭക്ഷണം നല്കുക. കുടുംബബന്ധം ചേർത്തു വെക്കുക. ആളുകൾ നിദ്രയിലായിരിക്കുമ്പോൾ നമസ്കരിക്കുക."(സുനൻദാരിമീ)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

സംശയമുണ്ടെങ്കിലും ആ സംശയവും അശ്രദ്ധയെക്കാൾ ഉത്തമമാണ്. കാരണം ചില സന്ദർഭങ്ങളിൽ അശ്രദ്ധ അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടു പോകാറുണ്ട്. പിന്നീട് മെല്ലെ മെല്ലെ ദീനിൽനിന്നും നമ്മൾ അകന്നുപോകുന്നു. ശേഷം അത് ചികിത്സയില്ലാത്ത ആത്മീയ രോഗമായി മാറുന്നു. ഇങ്ങനെ നോക്കുമ്പോൾ വളരെയധികം ശ്രദ്ധ ആവശ്യമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിക്കൽ ഒരു വിഷയം വിവരിക്കുകയായിരുന്നു; അതായത് സന്തോഷത്തിന്റേയും സന്താപത്തിന്റേയും ബന്ധം ബോധങ്ങളുമായിട്ടാണെന്ന്. ഉദാഹരണത്തിന് ആരുടെയെങ്കിലും വീട്ടിൽ വിവാഹമാണെങ്കിൽ അവൻ തന്റെ വിവാഹത്തിന്റെ സന്തോഷത്തിനായി കടമെടുക്കേണ്ടിവന്നാൽ കടമെടുത്തുകൊണ്ട് സന്തോഷമുണ്ടാക്കാൻ ശ്രമിക്കാറുണ്ട്. അവന്റെ അടുത്ത ബന്ധുക്കളും അതിൽ പങ്കുചേരുന്നു. പക്ഷേ, അതുമായി ഒരു ബന്ധവും ഇല്ലാത്തവർക്ക് അയാളുടെ സന്തോഷമോ അയാളുടെ കുടുംബക്കാരുടെ സന്തോഷമോ അയാളുടെ ബന്ധുമിത്രാദികളുടെ സന്തോഷമോ അതിനുവേണ്ടി അയാളെ വിഷമത്തിൽ അകപ്പെടുത്തുന്നതിനോ കടംവാങ്ങുന്നതിനോ ഒന്നും ഒരു വിലയുംനിലയും ഉണ്ടാകുകയില്ല. ആരെങ്കിലും സന്തോഷം ആഘോഷിക്കുകയാണെങ്കിലോ കടം വാങ്ങി സന്തോഷം ആഘോഷിക്കുകയാണെങ്കിലോ ആഘോഷിക്കുന്നില്ലെങ്കിലോ അവനെന്ത് കാര്യം? ഇപ്രകാരം തന്റെ കുടുംബത്തിന്റെ അത്താണിയായിരിക്കുന്ന ഒരാൾ മരിക്കുകയാണെങ്കിൽ വീട്ടിൽ കരച്ചിലും നിലവിളിയും ഉണ്ടാകുന്നു. പക്ഷേ, അയാളുമായി ഒരു ബന്ധവുമില്ലാത്ത ആൾക്ക് അയാളുടെ മരണം ഒരു നിലയും വിലയും ഇല്ലാത്തതായിരിക്കും. ആയിരക്കണക്കിനാളുകൾ നിത്യവും മരിക്കുന്നു. മരണങ്ങളുണ്ടാകുന്നു. പക്ഷേ, നമുക്കു പരിചയമില്ലാത്തയാളാണെങ്കിൽ അയാളെ സംബന്ധിച്ച് പരിചയപ്പെടുത്തിയാൽതന്നെ ഒരു ബോധവും ഉണ്ടാകുകയില്ല. എന്നാൽ, നമ്മുടെ അടുത്ത ആരെങ്കിലും മരിക്കുകയാണെങ്കിൽ വളരെ കഠിനമായി അതനുഭവപ്പെടുന്നു. ചിലയാളുകളുണ്ട്. അവർ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടിനു കാരണമായിട്ടുണ്ടാകും. അക്രമികളായിരിക്കും. കൊള്ളക്കാരായിരിക്കും. ഭീകരവാദികളായിരിക്കും. അവർ മരിക്കുമ്പോൾ ദുഃഖമുണ്ടാകുന്നതിനുപകരം ഒരു വിഭാഗത്തിന് സന്തോഷമായിരിക്കുമുണ്ടാകുക. എന്നാൽ, അയാളുടെ ബന്ധുക്കൾക്ക് ദുഃഖമുണ്ടാകുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, "ബോധങ്ങളുടെ അത്ഭുതകരങ്ങളായ ശൃംഖലയാണിത്. അതിൽ ചിന്തിക്കുകയാണെങ്കിൽ അത്ഭുതകരമായ അവസ്ഥ ഉണ്ടാകുന്നതാണ്. ഒരു കാര്യം ഒരാൾക്ക് സന്തോഷത്തിന്റേയും സൗഖ്യത്തിന്റേയും നിമിഷമാകുമ്പോൾ മറ്റുള്ളവർക്കത് ദുഃഖത്തിന്റേതും വിഷമത്തിന്റേതുമായിരിക്കും. എന്നാൽ, ആരുടെയെങ്കിലും സന്തോഷത്തിൽ ഭാഗഭാക്കുകയോ ദുഃഖത്തിൽ ഭാഗഭാക്കാകുയോ ചെയ്യാത്ത ധാരാളമാളുകളുമുണ്ട്.(പറയുന്നു:) "ഈ വിഷയം എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു വാക്യത്തിൽ പഠിപ്പിച്ചു തന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)മുടങ്ങാതെ പത്രങ്ങൾ വായിക്കുമായിരുന്നു." (ദീനിന്റെ ജോലി ഏല്പിക്കപ്പെട്ടിരിക്കുന്ന നമ്മുടെയാളുകൾക്ക് ഇതിൽ പാഠമുണ്ട്. അവർ മുടങ്ങാതെ പത്രം വായിക്കേണ്ടതാണ്. ചെറിയ ചെറിയ വാർത്തകളും നോക്കേണ്ടതാണ്. പറയുന്നു, അവിടന്ന് മുടങ്ങാതെ പത്രങ്ങൾ വായിക്കുമായിരുന്നു). 1907-ൽ നടന്ന സംഭവമാണ്. ഒരു ദിവസം പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെ വിളച്ചു; 'മഹ്മൂദേ!' എന്തോ പെട്ടെന്ന് ജോലിക്കായി വിളിക്കുന്നതുപോലെയായിരുന്നു അത്. (ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ വിളിച്ചു. ഏതോ ജോലി പെട്ടെന്ന് ചെയ്യാനുണ്ടെന്ന് രീതിയിലായിരുന്നു ആ വിളി) പറയുന്നു:"ഞാൻ ഹാജരായപ്പോൾ അവിടന്ന് എന്നെ ഒരു വാർത്ത കേൾപ്പിച്ചു. "ഒരാൾ(എനിക്കയാളുടെ പേര് ഓർമയില്ല) മരിച്ചിരിക്കുന്നു." (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:) അതുകേട്ട് ഞാൻ ചിരിച്ചുപോയി. ഞാൻ പറഞ്ഞു: 'അതിന് എനിക്കെന്താണ്?' ഹദ്റത്ത് സാഹിബ് പറഞ്ഞു:'അയാളുടെ വീട്ടിൽ നിലവിളിയും ദുഃഖവുമായിരിക്കും. നിനക്കെന്താണെന്ന് നീ ചോദിക്കുന്നു!' (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:)ഇതിന് കാരണമെന്താണ്? ഇതിനുകാരണം, "ആരുമായിട്ടാണോ ബന്ധമില്ലാത്തത് അയാളുടെ ദുഃഖം മനസ്സിലാക്കാൻ പറ്റില്ല. ഇപ്രകാരംതന്നെ ആരുടെയെങ്കിലും സന്തോഷത്തിന്റെ കാര്യമാണെങ്കിൽ അതും സ്വാധീനം ചെലുത്തുകയില്ല." ഇക്കാര്യം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചു. ഇത് ഹദ്റത്ത് ഖലീഫ അവ്വലിന്റെ മകൻ മിയാൻ അബ്ദുസ്സലാം സാഹിബിന്റെ നിക്കാഹ് അവസരത്തിൽ നടന്ന കാര്യമാണിത്. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിക്കുകയുണ്ടായി: ഹദ്റത്ത് ഖലീഫ അവ്വൽ(റ) ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ എത്രമാത്രം സന്തോഷിക്കുമായിരുന്നു. എത്രമാത്രം ദുആ ചെയ്യുമായിരുന്നു. ഇക്കാരണത്താൽ മറ്റുള്ളവർക്കും ദുആ ചെയ്യാൻ എത്രമാത്രം പ്രചോദനമുണ്ടാകുമായിരുന്നു.' പറഞ്ഞു:"ഈ അവസരവും ഈ ചിന്തയും നമ്മുടെ മനസ്സുകളിൽ പ്രത്യേകചലനം ഉണ്ടാക്കുമായിരുന്നു. നമ്മുടെ പ്രിയപ്പെട്ട അദ്ദേഹം തന്റെ സമീപസ്ഥർക്കുവേണ്ടി എങ്ങനെയൊക്കെ ദുആ ചെയ്തിട്ടുണ്ടാകും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഇക്കാര്യം നമ്മുടെ ശരീരത്തിൽ തലമുതൽ പാദംവരെ സന്തോഷത്തിന്റെ തരംഗം ഒഴുക്കുന്നു.'

അതുകൊണ്ട് ഇക്കാര്യം ഓർമ വെക്കേണ്ടതാണ്. സ്വന്തം ഉപകാരികൾക്കും അവരുടെ മക്കൾക്കും വേണ്ടി പ്രത്യേകമായ നിലയിൽ ദുആ ചെയ്യേണ്ടതാണ്. സന്തോഷത്തിന്റേയും സന്താപത്തിന്റേയും വേളകളിൽ അതനുഭവിച്ചറിയേണ്ടതാണ്. ജമാഅത്തംഗങ്ങൾ പൊതുവായ നിലയിലും തങ്ങളുടെ സന്തോഷവും ദുഃഖവും പ്രകടിപ്പിക്കേണ്ടതാണ്. കാരണം ജമാഅത്തും ഒരൊറ്റ അസ്തിത്വമാണ്. ഓരോ ജമാഅത്തംഗങ്ങളുടേയും സന്താപത്തേയും സന്തോഷത്തേയും അനുഭവിക്കുമ്പോഴാണ് നമുക്ക് ആ ബോധമുണ്ടാകുന്നത്. ഇക്കാര്യമാണ് ജമാഅത്തിൽ ഐക്യം അഥവാ ഒത്തൊരുമ ഉണ്ടാകുന്നതിന് മാർഗമാകുന്നതും.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)ന്റെ ഒരു അനുസരണസംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)നെ സംബന്ധിച്ച് എനിക്കോർമയുണ്ട്. മുർത്തദ്ദായിപ്പോയ അബ്ദുൽ ഹക്കീം പട്ടിയാലവി സാഹിബിനെ അദ്ദേഹം അഹ്മദിയായിരുന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) ഒരുപാടു സ്നേഹിച്ചിരുന്നു. അദ്ദേഹവും മൗലവി സാഹിബുമായി വളരെ ബന്ധംവെച്ചിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർക്കാൻ തുടങ്ങിയപ്പോഴും അദ്ദേഹം എഴുതിയത് 'താങ്കളുടെ ജമാഅത്തിൽ(അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ)നൂറുദ്ദീൻ സാഹിബിനു പുറമെ സ്വഹാബാക്കളുടെ മാതൃകയുള്ള ആരുമില്ലെന്നാണ്. ഈ വ്യക്തി ജമാഅത്തിന് അഭിമാനമാണെന്നതിൽ ഒരു സംശയവുമില്ല.' (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:)അബ്ദുൽ ഹക്കീം പട്ടിയാലവി ഒരു തഫ്സീറും എഴുതിയിരുന്നു. അതിൽ ഒരുപാട് കാര്യങ്ങൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)നോടു ചോദിച്ചെഴുതിയതാണ്. അബ്ദുൽ ഹക്കീം പട്ടിയാലവി താൻ മുർത്തദ്ദാകുകയാണെന്ന് വിളംബരം ചെയ്തപ്പോൾ ഖലീഫ അവ്വൽ തന്റെ ശിഷ്യന്മാരെ പരിഭ്രമത്തോടെ വിളിച്ചത് ഞാൻ കണ്ടു. ഉടനെപോയി തന്റെ ലൈബ്രറിയിൽനിന്ന് അബ്ദുൽ ഹക്കീമിന്റെ തഫ്സീർ എടുത്തുമാറ്റാൻ അവരോടു നിർദേശിച്ചു. (അയാളെഴുതിയ തഫ്സീർ മൗലവിസാഹിബിന്റെ ലൈബ്രറിയിൽ കിടന്നിരുന്നു. അവരോടു ഉടനെ അതെടുത്തു മാറ്റാൻ നിർദേശിച്ചു.) പറഞ്ഞു:"ഇക്കാരണത്താൽ എന്നിൽ അല്ലാഹുവിന്റെ വെറുപ്പുണ്ടാകാൻ പാടില്ല." (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:)വാസ്തവത്തിൽ അത് വിശുദ്ധ ഖുർആനിന്റെ തഫ്സീറായിരുന്നു. അതിലെ ഒരുപാട് ആയത്തുകളുടെ വിശദീകരണം അയാൾ അദ്ദേഹത്തോടു(ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)നോടു) ചോദിച്ചാണ് എഴുതിയിരുന്നത്. എന്നാൽ, അയാളിൽ അല്ലാഹുവിന്റെ കോപം ഇറങ്ങിയ കാരണത്താൽ (അയാൾ മുർത്തദ്ദായ കാരണത്താൽ) അയാൾ എഴുതിയ തഫ്സീറും അവിടന്ന് തന്റെ ലൈബ്രറിയിൽനിന്ന് മാറ്റിപ്പിച്ചു. ഈ ഗ്രന്ഥം മറ്റു ഗ്രന്ഥങ്ങളുമായി ചേർന്ന് അവയേയും അശുദ്ധമാക്കുമെന്ന് തന്റെ അഭിരുചിക്കനുസരിച്ച് മനസ്സിലാക്കി."(അൽഫള്ൽ 1944 ജൂൺ 21 വാള്യം 22 നമ്പർ 143 പേജ് 1)

ഈ ദീനീപരമായ ആത്മീയരോഷവും അല്ലാഹുവിനോടുള്ള ഭയവും നമുക്ക് ഒരു മാതൃകയാണ്.

ജമാഅത്തുപരമായ നിലയിൽ, ഉദാഹരണത്തിന് ആർക്കെങ്കിലും ശിക്ഷ കിട്ടുകയോ ആർക്കെങ്കിലും എതിരിൽ നടപടി ഉണ്ടാകുകയോ ചെയ്താൽ തനിക്കെതിരെ ഇന്ന നടപടി ഉണ്ടായി, അത് തെറ്റാണ് ഇന്നയാൾക്കെതിരെ ഒരു നടപടിയും ഉണ്ടായില്ല, അവനെ സഹായിക്കുകയാണ് ചെയ്തത് എന്ന് പറഞ്ഞ് ചിലർ ആക്ഷേപിക്കാറുണ്ട്. ഇത്തരം ആക്ഷേപങ്ങൾ പുതിയ കാര്യമൊന്നുമല്ല. എല്ലാ കാലത്തും ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടതായി കാണാം. ഇന്നും ഇക്കൂട്ടർ ചെയ്യുന്നു. മുമ്പേയും ചെയ്തുകൊണ്ടിരുന്നു. അത്തരക്കാരെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:"വ്യവസ്ഥിതിയെ ശരിയായ നിലയിൽ നടപ്പിൽവരുത്തുന്നതിന് ഐക്യചിന്താഗതികളുടെ ഒരു വൃത്തമുണ്ട്. ഒരു ആക്ഷേപം വലുതായിട്ടു തോന്നാം. എന്നാൽ, അത് ഫിത്നക്ക് കാരണമാവുകയില്ലെന്ന് കണ്ടാൽ ആ അഭിപ്രായവ്യത്യാസം വെച്ചു പുലർത്തുന്ന ആളുകൾക്ക് ജമാഅത്തിൽ ചേരാൻ അനുവാദം നല്കേണ്ടതാണ്. എന്നാൽ, മറ്റൊരു വ്യക്തി ചെറിയ ആക്ഷേപമാണ് ഉന്നയിക്കുന്നതെങ്കിലും പക്ഷേ, അതേതെങ്കിലും കുഴപ്പത്തിന് കാരണമാകുമെങ്കിൽ അയാളെ ജമാഅത്തിൽനിന്ന് പുറത്താക്കേണ്ടതാണ്." പറയുന്നു:"ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഒരിക്കൽ ഒരു സ്നേഹിതൻ ചോദിച്ചു, 'ഞാൻ ഇപ്പോൾ ശിയാകക്ഷിയിൽനിന്ന് പുറത്തുകടന്നു വന്നതാണ്. ഹദ്റത്ത് അബൂബക്കറിനെക്കാളും, ഹദ്റത്ത് ഉമറിനെക്കാളും ശ്രേഷ്ഠൻ ഹദ്റത്ത് അലിയാണെന്ന് വിശ്വസിക്കുന്നു. (കാരണം എന്നിൽ ശിയപക്ഷക്കാരുടെ സ്വാധീനം അധികമാണ്.) ഈ വിശ്വാസം വെച്ചുപുലർത്തിക്കൊണ്ട് അങ്ങയ്ക്ക് ബയ്അത്ത് ചെയ്യാൻ എനിക്ക് കഴിയുമോ?ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തിനെഴുതി: "താങ്കൾക്ക് ബയ്അത്ത് ചെയ്യാവുന്നതാണ്." എന്നാൽ, ഇതിന്നെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിക്ഷ എന്ന നിലയിൽ ഒരിക്കൽ കുറച്ചാളുകളോടു

## ഇർശാദുന്നബ്‌വി(സ)

"പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസ്സാരമാക്കിത്തള്ളരുത്. അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടു മുട്ടുക എന്നതാണെങ്കിലും." (മുസ്‌ലിം)

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"ഒരു മനുഷ്യന് സ്വർണാത്താലുള്ള ഒരു താഴ്‌വര ഉണ്ടെങ്കിലും രണ്ടാമതായി മറ്റൊന്നുകൂടി ഉണ്ടാകാൻ അവൻ ആഗ്രഹിക്കും. അവന്റെ ഖബ്റല്ലാതെ അവനെ തൃപ്തിപ്പെടുത്തുകയില്ല." (മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"പാപരഹിതനായി അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ മുഅ്മിനുകൾ തന്റെ ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷിക്കപ്പെട്ടുകൊണ്ടേയിരിക്കും." (തുർമുദി)

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ഖാദിയാനിൽനിന്ന് പുറത്തുപോകാൻ കല്പിച്ചു. അവരെക്കുറിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചു. അഞ്ചുനേര നമസ്കാരത്തിൽ പങ്കെടുത്തിരുന്നില്ല എന്നതായിരുന്നു കാരണം. ചിലരുടെ മജ്‌ലിസുകളിൽ ഹുക്കവലിയും അനാവശ്യസംസാരവും നടന്നിരുന്നു."(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു:). ഇനി നിങ്ങൾ പറയുക! ഹദ്റത്ത് അലി(റ)നെ ഹദ്റത്ത് അബൂബക്കർ(റ)നെക്കാൾ ശ്രേഷ്ഠനായി മനസ്സിലാക്കുന്നതാണോ ഹുക്ക വലിക്കുന്നതാണോ വലിയ കാര്യം. തീർച്ചയായും ഹദ്റത്ത് അലി(റ)നെ ഹദ്റത്ത് അബൂബക്കറിനെക്കാൾ ശ്രേഷ്ഠനായി മനസ്സിലാക്കുന്നതാണ് വലിയ കാര്യമെന്നും ഹുക്ക വലിക്കുന്നത് ചെറിയ കാര്യമാണെന്നുമായിരിക്കും എല്ലാവരും പറയുക. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു വലിയ അഭിപ്രായഭിന്നത ഉണ്ടായിട്ടും ഒരാൾക്ക് തനിക്ക് ബയ്അത്ത് ചെയ്യാൻ അനുവാദം നല്കി. ഹുക്കവലിക്കുന്നവരും പരിഹസിക്കുന്നവരിൽ മുഴുകിയിരിക്കുന്നവരും ആയിട്ടുള്ളവർ കേന്ദ്രത്തിൽനിന്ന് പുറത്തുപോകാനും നിർദേശിച്ചു. വാസ്തവത്തിൽ(അവിടന്ന് പറയുന്നു:) ഒരു സൽക്കാരാവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയും അതിനുള്ള ഏർപാടു ചെയ്തിരുന്നതാണ്. തുർക്കികളുടെ അമ്പാസിഡർ ഹുസയ്ൻ കാമി ഖാദിയാനിൽ വരികയും അദ്ദേഹത്തെ സൽക്കരിക്കാനുള്ള ഏർപാടു ചെയ്യുകയും ചെയ്തു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:) ഞാൻ അന്ന് ചെറുതായിരുന്നു. എന്നാൽ, എനിക്ക് നല്ല ഓർമയുണ്ട്, ഒരു മജ്‌ലിസിൽ ഇക്കൂട്ടർ സിഗററ്റു വലിക്കുന്ന ശീലമുള്ളവരാരാണെന്ന് പരേതനായ മൗലവി അബ്ദുൽകരീം സാഹിബ് പറഞ്ഞു. നമ്മൾ അതിനുള്ള ഏർപാടു ചെയ്തില്ലെങ്കിൽ അതവർക്ക് ബുദ്ധിമുട്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, ഒരു കുഴപ്പവുമില്ല! മദ്യം തുടങ്ങിയവയെ പോലെ ഹറാമായ വസ്തുവൊന്നുമല്ല ഇത്. ഏതുപോലെയെന്നാൽ മദ്യം ഹറാമായതുകൊണ്ട് അതുപയോഗിച്ചതിന് അവിടന്ന് ജമാഅത്തിൽനിന്ന് ഒരാളെ പുറത്താക്കി. എന്നാൽ, ഹദ്റത്ത് അബൂബക്കറിനെക്കാളും, ഹദ്റത്ത് ഉമറിനെക്കാളും ശ്രേഷ്ഠൻ ഹദ്റത്ത് അലിയാണെന്ന് വിശ്വസിച്ചിരുന്ന ഒരാൾക്ക് ഹദ്റത്ത് അബൂബക്കറാണ്, ഹദ്റത്ത് ഉമറിനെക്കാളും ഹദ്റത്ത് അലിയെക്കാളും ശ്രേഷ്ഠനെന്ന വിശ്വാസക്കാരനായിരുന്നിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാൾക്ക് ബയ്അത്ത് ചെയ്യാൻ അനുവാദം നല്കി." (അവിടന്ന് പറയുന്നു:)"വാസ്തവത്തിൽ ചില കാര്യങ്ങൾ താൽക്കാലികമായ ഫിത്നയുടെ അടിസ്ഥാനത്തിൽ വലുതായിരിക്കും. യഥാർഥത്തിൽ അത് ചെറുതാകുന്നു. ചില കാര്യങ്ങൾ താൽക്കാലികമായ ഫിത്നയുടെ അടിസ്ഥാനത്തിൽ ചെറുതായിരിക്കും. വാസ്തവത്തിൽ അത് വലുതാകുന്നു.'

അതിനാൽ താല്ക്കാലികമായ ഫിത്നയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ വലിയ കാര്യത്തെ അവഗണിക്കുകയും ചെറിയ കാര്യത്തിനുമേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ, ഇക്കൂട്ടർ(ആക്ഷേപിക്കുന്നവർ) ഒരിക്കലും ബുദ്ധിപൂർവം പ്രവർത്തിച്ചിട്ടില്ല. അവരുടെ ഉദ്ദേശ്യം വെറും ആക്ഷേപം ഉന്നയിക്കുക എന്നതാണ്.'(അൽഫദ്ൽ 1961 സെപ്റ്റംബർ 13 വാള്യം 15/50 നമ്പർ 211 പേജ് 4).

ഒരുപാടാളുകൾ മറ്റുള്ളവർക്കുവേണ്ടി സംസാരിക്കാറുണ്ട്. ശിക്ഷ ലഭിക്കുന്നവർക്ക് ചില അനുകൂലികൾ ഉണ്ടാകുന്നു. അവർക്ക് യഥാർഥ കാര്യമെന്താണെന്ന് അറിവുണ്ടാകുകയില്ല; എന്തുകാരണത്താലാണ് ശിക്ഷ ലഭിച്ചതെന്നും അറിയില്ല. ഇങ്ങനെ അനാവശ്യമായി കൈകടത്തലുകൾ നടത്താതിരിക്കേണ്ടതാണ്. അല്ലെങ്കിൽ ആർക്കുംവേണ്ടി ശിപാർശ ചെയ്യാതിരിക്കേണ്ടതാണ്. ജമാഅത്ത് വ്യവസ്ഥിതി മനസ്സിലാക്കുകയും പിശോധിക്കുകയും ചെയ്യുമ്പോൾ മാപ്പും ലഭിക്കാറുണ്ട്. ഞാൻ പറഞ്ഞതുപോലുള്ള ആക്ഷേപർ ഇക്കാലത്തുമുണ്ട്. തെറ്റായ പ്രവൃത്തികൾ ചെയ്യുന്നു. ശിക്ഷ കിട്ടുമ്പോൾ സ്വയം നന്നാക്കിത്തീർക്കുന്നതിനുപകരം ജമാഅത്ത് വ്യവസ്ഥിതിക്കെതിരെ സംസാരിക്കുന്നു. തങ്ങൾ ഇങ്ങനെയൊക്കെത്തന്നെ ഇനിയും മുന്നോട്ടു പോകുകയുള്ളുവെന്ന് പറയുകയും ചെയ്യുന്നു. എങ്കിലും ജമാഅത്ത് തങ്ങളെ അതിന്റെ ഭാഗമാക്കിവെച്ചുകൊള്ളണം. തങ്ങളിൽമാറ്റമൊന്നും തങ്ങൾ ഉണ്ടാക്കുകയില്ലെന്നും പറയുന്നു.

ഇവിടെ വീണ്ടും വ്യക്തമാക്കട്ടെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)തുർക്കിയിലെ അമ്പാസിഡർക്കുവേണ്ടി അയാൾക്ക് ആവശ്യമുള്ള സാധനം വാങ്ങിക്കൊടുത്തു എന്നത് ശരിതന്നെയാണ്. പക്ഷേ, അത് സംഭവങ്ങളിൽ എഴുതിയിട്ടുള്ളതുപോലെ ഹറാമൊന്നുമായിരുന്നില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹുക്ക വലി തുടങ്ങിയവ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ചിലഘട്ടങ്ങളിൽ അദ്ദേഹം അതിനോടു കഠിനമായ വെറുപ്പും പ്രകടിപ്പിച്ചിട്ടുണ്ട്.

തബ്‌ലീഗ് ചെയ്യാൻ എന്തു മാർഗങ്ങളാണ് ഉപയോഗിക്കേണ്ടത്. അതെങ്ങനെയാണ് ചെയ്യേണ്ടത്? ഇതു സംബന്ധമായി ഒരു അവസരത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു,"ഇപ്പോൾ നല്ലാറത്ത് ദഅ്വത്തൊ തബ്‌ലീഗ് ലഘുലേഖകൾ മുഖേന തബ്‌ലീഗ് ചെയ്യുന്നുണ്ട്. (ലഘുലേഖകൾ വിതരണം ചെയ്യുന്നു. ബ്രോഷറുകൾ വിതരണം ചെയ്യുന്നു). പക്ഷേ, ലഘുലേഖകൾ എന്നു പറയുന്നത്, അതിന്റെ ഭാരം കൂടുതൽനാൾ വഹിക്കാൻ സാധിക്കാത്തതാണ്."അവിടന്ന് പറഞ്ഞു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ തബ്‌ലീഗ് നടന്നിരുന്നത് വിജ്ഞാപനങ്ങൾ മുഖേനയായിരുന്നു. ആ വിജ്ഞാപനങ്ങൾ രണ്ടു നാല് പേജുകൾ അടങ്ങുന്നതായിരുന്നു. അതുമുഖേന രാജ്യത്ത് ഒച്ചപ്പാടുകൾ ഉണ്ടായിരുന്നു. അവ ധാരാളമായി പ്രചരിപ്പിച്ചിരുന്നു. ആ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ ധാരാളം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഒന്നോരണ്ടോ ആയിരമായിരുന്നു. ചില ഘട്ടങ്ങളിൽ പത്ത് പത്തായിരം എണ്ണത്തിലും പ്രസിദ്ധീകരിച്ചിരുന്നു.പക്ഷേ,(പറയുന്നു:) ഇപ്പോൾ നമ്മുടെ ജമാഅത്ത് ഒരുപാടിരട്ടി അധികമാണ്. ഇപ്പോൾ ലഘുലേഖകൾ മുഖേനയുള്ള പരസ്യം അമ്പതിനായിരവും എന്നല്ല ലക്ഷക്കണക്കിനും അടിക്കേണ്ടതുണ്ട്. എന്നിട്ട് നിങ്ങൾ നോക്കുക ഈ ലഘുലേഖകൾ എങ്ങനെയാണ് തന്നിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതെന്ന്."

അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഇപ്പോൾ ചിലയിടത്ത് ചില വാർത്തകൾ ലക്ഷക്കണക്കിനുവരെ എത്താറുണ്ട്. മില്യൺവരെ എത്താറുണ്ട്. അതിന്റെ സ്വാധീനം മറ്റു രാജ്യങ്ങളിലുമുണ്ടാകുന്നു. ഇപ്പോൾ അമേരിക്കയിൽനിന്ന് ഒരു അറിയിപ്പുവന്നിരുന്നു; സ്യൂഡനിലെ ന്യൂസ് ഏജൻസി, അല്ലെങ്കിൽ ടെലിവിഷൻ അവിടെ നമ്മുടെ പ്രതിനിധിയുമായി ബന്ധപ്പെട്ടു. സ്യൂഡനിൽ ഇസ്‌ലാമിനെ കുറിച്ച് ഇപ്പോൾ ഒരുപാട് ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനാൽ ഞങ്ങൾക്കും നിങ്ങളിൽനിന്ന് ഇന്റർവ്യൂ എടുക്കണമെന്ന് അവർ പറഞ്ഞു. ഇതെന്താണെന്ന് ഞങ്ങൾക്കും കേൾക്കണം. ഇതു എന്തുകാരണത്താലാണ്? ഇതു അല്ലാഹുവാണ് അറിയുന്നവൻ. ഇപ്രകാരം ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്റെ പര്യടനവേളയിലും അവിടെ ലക്ഷക്കണക്കിന് ആളുകൾവരെ സന്ദേശമെത്തുകയുണ്ടായി. എന്തായാലും ലഘുലേഖകൾ മുഖേന അല്ലെങ്കിൽ പ്രസ്സ് മുഖേന വളരെ വിശാലമായരീതിയിൽ സന്ദേശമെത്തുന്നു. അത് സാധാരണ സാഹിത്യങ്ങൾ മുഖേന (മനുഷ്യന്)എത്തിക്കാൻ സാധിക്കുകയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ലഘുലേഖകൾ ആദ്യവർഷം 12 എണ്ണം പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ ഇപ്പോൾ വർഷത്തിൽ മൂന്നെണ്ണം പ്രസിദ്ധീകരിക്കുകയും പേജുകൾ രണ്ട് നാലാക്കി ചുരുക്കുകയും എന്നാൽ, ലക്ഷക്കണക്കിന് അച്ചടിച്ച് വിതരണം ചെയ്യുകയുമാണെങ്കിൽ അവരെങ്ങനെയാണ് ചലനം സൃഷ്ടിച്ചതെന്ന് മനസ്സിലാക്കാൻ കഴിയും.'(അൽഫദ്ൽ 1952 ജനുവരി 11 വാള്യം6/40 നമ്പർ 10 പേജ് 4)

ഇപ്പോൾ ലക്ഷക്കണക്കിന് പ്രസിദ്ധീകരിക്കുന്നതും ചലനങ്ങൾ ഉണ്ടാകുന്നതും നമ്മൾ കാണുന്നുമുണ്ട്. അതുകൊണ്ട് പത്രങ്ങളിൽ പരസ്യം കൊടുക്കുന്നതുകൊണ്ട് എന്തുപ്രയോജനമാണുള്ളതെന്ന് ചിലയാളുകൾ ചിലപ്പോൾ ചോദിക്കാറുണ്ട്. (അവരോടു പറയുകയാണ്:)പരസ്യം കൊടുക്കുന്നതുകൊണ്ട് പ്രയോജനമുണ്ട്. കാരണം ആ പത്രങ്ങളുടെ സർക്കുലേഷനുകൾകൊണ്ട് ജമാഅത്തിന്റെ വിവരങ്ങൾ ആളുകളിലെത്തുന്നു. സാഹിത്യങ്ങൾ നിങ്ങൾ വളരെ പ്രയാസപ്പെട്ട് രണ്ടുമാസത്തിൽ എത്രയാണോ വിതരണം ചെയ്യുന്നത് ഒരൊറ്റ പത്രം കൊണ്ട് ഒരു ദിവസത്തിൽ ആ വാർത്ത ചിലപ്പോൾ അതിനെക്കാൾ കൂടുതൽ ആളുകൾവരെ എത്തുന്നതാണ്. ഇക്കാലത്ത് അല്ലാഹുവിന്റെ കൃപയാൽ പത്രങ്ങൾ മുഖേന ജമാഅത്തിന്റെ പരിചയപ്പെടുത്തലുണ്ടാകുന്നു. ഞാൻ പറഞ്ഞതുപോലെ ഒരുപാടു സ്ഥലങ്ങളിൽ നടന്നുവരുന്നു.

ജമാഅത്തിന്റെ പ്രസ്സ്&മീഡിയ വിഭാഗവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിൽ നല്ല പങ്കു വഹിക്കുന്നുണ്ട്. ഇത് വിശാലമായ നിലയിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടന്നു വരുന്നു. അതിനാൽ ഈ പരിചയപ്പെടുത്തലിൽനിന്ന് തികഞ്ഞ ഫലമെടുക്കേണ്ടത് തബ്‌ലീഗ് വകുപ്പിന്റേയും ജോലിയാണ്. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശത്തെ ഇതുമുഖേന വീണ്ടും മുന്നോട്ടു എത്തിച്ചുകൊണ്ടിരിക്കുക. ഒരു പ്രാവശ്യം പത്രത്തിൽവന്നു, അതോടെ എല്ലാം അവസാനിച്ചു എന്ന നിലയിലാകരുത്. ആ മാർഗത്തെ പിന്നീട് തബ്‌ലീഗിനുവേണ്ടി ഉപയോഗിക്കേണ്ടത് തബ്‌ലീഗ് വകുപ്പിന്റേയും ജോലിയാണ്. ഈ പരിചയപ്പെടുത്തലിനെ തബ്‌ലീഗിനുവേണ്ടിയും ഉപയോഗിക്കുക. അതിനുവേണ്ടി പുതിയ പുതിയ വഴികൾ അന്വേഷിക്കുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)കുട്ടികളുടെ തർബിയ്യത്തിനുവേണ്ടി ഒരിക്കൽ ഒരു ലേഖനമെഴുതി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഒരു കഥ പരാമർശിച്ചു. അവിടന്ന് പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)1898 സെപ്റ്റംബർ 5 ന് അസ്വ്ർ നമസ്കാരത്തിനുശേഷം എന്റെ അപേക്ഷ അനുസരിച്ച് താഴെ പറയുന്ന കഥ കേൾപ്പിക്കുകയുണ്ടായി. അല്ലാഹുവിലുള്ള തവക്കുലും വിശ്വാസവും സത്യസന്ധമായ ഭക്തിയും മനുഷ്യനെ എത്രകണ്ട അർഹനാക്കിത്തീർക്കുന്നുവെന്നാൽ അല്ലാഹുതന്നെ അവന്റെ ജാമ്യക്കാരനായി മാറുന്നു. ആരും അറിയാത്തനിലയിൽ അവന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ഒരു മഹാത്മാവ് എവിടെയോ യാത്രപോകുകയായിരുന്നു. ഒരു വനത്തിലൂടെ അദ്ദേഹം കടന്നുപോകുകയാണ്. അവിടെ ഒരു കള്ളൻ താമസിച്ചിരുന്നു. വരുകയും പോകുകയും ചെയ്യുന്ന എല്ലാവരേയും അയാൾ കൊള്ളയടിക്കുമായിരുന്നു. തന്റെ ശീലമനുസരിച്ച് ഈ മഹാത്മാവിനേയും കൊള്ളയടിക്കാൻ മുതിർന്നു. ആ മഹാത്മാവ് അയാളോടു പറഞ്ഞു, വഫിസ്സമാഇ രിസ്ഖുക്കും വമാ തൂഅദൂൻ ആകാശത്തിൽ നിങ്ങളുടെ ഉപജീവന മാർഗമുണ്ട്. നിങ്ങളോടു വാഗ്ദാനം ചെയ്യപ്പെടുന്നതുമുണ്ട്.(51:23)നന്മയിൽ നിലകൊള്ളണമെന്നു മാത്രം. പറഞ്ഞു, 'നിങ്ങളുടെ രിസ്ഖ് ആകാശത്തിലുണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. ഭക്തി കൈക്കൊള്ളുക. മോഷണം ഉപേക്ഷിക്കുക. അല്ലാഹു സ്വയം നിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിത്തരുന്നതാണ്.' കള്ളന്റെ മനസ്സിനെ അത് സ്വാധീനിച്ചു. അവൻ ആ മഹാത്മാവിനെ പറഞ്ഞുവിട്ടു. അദ്ദേഹം പറഞ്ഞതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ സ്വർണംകൊണ്ടും വെള്ളികൊണ്ടുമുള്ള പാത്രങ്ങളിൽ നല്ല ഭക്ഷണങ്ങൾ കിട്ടാൻ തുടങ്ങി. (മോഷണം ഉപേക്ഷിച്ച് അവൻ അല്ലാഹുവിൽ തവക്കുൽ ചെയ്യാൻ തുടങ്ങിയപ്പോൾ സ്വർണംകൊണ്ടും വെള്ളികൊണ്ടുമുള്ള പാത്രങ്ങളിൽ നല്ല ഭക്ഷണങ്ങൾ കിട്ടാൻ തുടങ്ങി.) അവൻ ഭക്ഷണം കഴിച്ച് പാത്രങ്ങൾ തന്റെ കുടിലിനു വെളിയിൽ വലിച്ചെറിഞ്ഞു. യാദൃച്ഛികമായി അതേ മഹാത്മാവ് ഒരിക്കൽ


## ഇർശാദുന്നബ്‌വി(സ)

"നീ എവിടെ ആയിരുന്നാലും അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുക. പാപകർമങ്ങളെ തുടർന്ന് നീ സർകർമങ്ങൾ ചെയ്യുക. എന്നാൽ, തെറ്റുകളെ അത് പൊറുപ്പിക്കുന്നതായിരിക്കും."(തുർമുദി)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

അതുവഴി വന്നു. ആ കള്ളൻ ഇപ്പോൾ സാത്വികനും മുത്തഖിയും ആയിക്കഴിഞ്ഞിരുന്നു. ആ മഹാത്മാവിനോടു എല്ലാ അവസ്ഥകളും അയാൾ പറഞ്ഞു. തനിക്ക് മറ്റൊരു ആയത്തു പറഞ്ഞുതരാൻ അയാൾ ആവശ്യപ്പെട്ടു. അപ്പോൾ ആ മഹാത്മാവ് പറഞ്ഞു, 'ഫവ റബ്ബിസ്സമാഇ വൽഅർളി ഇന്നഹൂ ലഹഖുൻ അതിനാൽ ആകാശത്തിന്റേയും ഭൂമിയുടേയും നാഥനെക്കൊണ്ടു സത്യം! ഇതും സത്യമാണ്.'(51:24) ഈ പരിശുദ്ധ വാക്കുകൾ അദ്ദേഹത്തെ എത്രകണ്ട് സ്വാധീനിച്ചെന്നാൽ അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും ചിന്തിച്ച് വിറയ്ക്കാൻ തുടങ്ങി. ആ വിറയിലിൽത്തന്നെ മരിക്കുകയും ചെയ്തു.'

8, 10 വയസ്സുള്ള ഒരുകുട്ടിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ കഥ കേൾപ്പിച്ചു. പിന്നീട് അദ്ദേഹം തഖ്‌വ കൈക്കൊള്ളുന്നതുകൊണ്ട് എന്തെന്തെല്ലാം സമ്പത്താണ് ലഭിക്കുന്നതെന്നും ആകാശത്തും ഭൂമിയിലും വസിക്കുന്നവരെ എങ്ങനെയാണ് പരിപാലിക്കുന്നതെന്നുമുള്ള വിഷയം മറ്റുകുട്ടികൾക്കു വിവരിച്ചുകൊടുക്കുന്നു. അവനുണ്ടെന്നുള്ളതിന് എന്തെങ്കിലും സംശയമുണ്ടോ? എല്ലാവരേയും പരിപാലിക്കുകയും പോറ്റുകയും ചെയ്യുന്ന അല്ലാഹു പരിശുദ്ധനും സത്യവാനുമാണ്. അതുകൊണ്ട് ആ ദൈവത്തെ ഭയപ്പെടുക. അവനെ വിശ്വസിക്കുക. സൽസ്വഭാവം സ്വീകരിക്കുക."(അൽഹക്കം 6-13 സെപ്റ്റംബർ 1898 വാള്യം 2 നമ്പർ 26, 27 പേജ് 11)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ കുട്ടികളുടെ അവസ്ഥ ഇതായിരുന്നു. ഇക്കാലത്തുള്ള വലിയ ആളുകൾക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള പാഠങ്ങളായിരുന്നു അന്ന് പഠിപ്പിച്ചിരുന്നത്. അതുകൊണ്ട് തഖ്‌വയിലൂടെ നടക്കാൻ ശ്രമിക്കണമെന്ന് നമ്മളിലുള്ള എല്ലാവരും എപ്പോഴും ഓർമവെക്കേണ്ടതാണ്. അല്ലാഹുവിന്റെ സത്തയിൽ എത്രമാത്രം ദൃഢവിശ്വാസമുണ്ടാകണമെന്നാൽ, അവനിൽ നിലകൊള്ളണം. അവനാണ് നമ്മളെ പരിപാലിക്കുന്നവനും പോറ്റുന്നവനും. അതിൽ ഒരു സംശയവുമില്ല. അവൻതന്നെയാണ് പരിശുദ്ധനും സത്യവാനുമായ അല്ലാഹു. അവനെ നമ്മൾ ഭയക്കേണ്ടതാണ്. അവനോട് എപ്പോഴും നമ്മൾ ചോദിക്കേണ്ടതാണ്. അവന്റെ മുമ്പിൽ നമ്മൾ കുനിയേണ്ടതാണ്. അവനിൽ നമ്മൾ വിശ്വാസമർപിക്കേണ്ടതാണ്. ഇതുതന്നെയാണ് നന്മ. ഇത് ഒരു മുസൽമാന് സ്വീകരിക്കേണ്ടത് നിർബന്ധമാണ്. ഇതിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്.

അതിനാൽ വലിയവർക്കും കുട്ടികളെക്കാൾ കൂടുതൽ ഈ പാഠത്തിന് പ്രാധാന്യമുണ്ട്. ഇക്കാലഘട്ടത്തിൽ നമ്മൾ ഈ കാര്യങ്ങൾ മറന്നുകൊണ്ടിരിക്കുമ്പോൾ, തഖ്‌വയിൽനിന്ന് ചിലപ്പോൾ ചിലയാളുകൾ അകന്നുപോകുമ്പോൾ അല്ലാഹുവിൽ വിശ്വാസമർപിക്കുന്നതിനുപരം ജനങ്ങളിലുള്ള വിശ്വാസാർപണം അധികമാകുമ്പോൾ യഥാർഥ വിശ്വാസാർപണം അല്ലാഹുവിലാണ് ഉണ്ടാകേണ്ടതെന്ന് അവർ ഓർക്കേണ്ടതാണ്. നമ്മളിലെല്ലാവരിലും ഈ തഖ്‌വ ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ഇൻശാഅല്ലാഹ് രണ്ടു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ഒരു ജനാസ സിറാലിയൂൺ നായിബ് അമീർ അവ്വൽ അൽഹാജ് ഡോക്ടർ ഇദ്‌രീസ് ബങ്കോറസാഹിബിന്റേതാണ്. അദ്ദേഹം 2016 മെയ് 3 ന് ഹ്രസ്വമായ അസുഖത്തിനുശേഷം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ബോ(BO) നഗരത്തിലെ സ്കൂളിൽ വിദ്യാർഥിയായിരിക്കെയാണ് ബയ്അത്ത് ചെയ്തത്. 1966-ൽ മജ്‌ലിസെ ആമിലായിൽ അംഗമായി. വഫാത്തുവരെ ഏതെങ്കിലുമൊക്കെ ഔദ്യോഗികസ്ഥാനത്ത് ജമാഅത്തുപരമായ സേവനം ചെയ്തുകൊണ്ടിരുന്നു. സുദീർഘകാലം ഡപ്യൂട്ടി അമീറെ അവ്വൽ എന്ന നിലയിൽ പ്രവർത്തിച്ചു. വിജയിയായ മുബല്ലിഗായിരുന്നു. ധാരാളമാളുകൾക്ക് അദ്ദേഹം മുഖേന ജമാഅത്തിൽപ്രവേശിക്കാൻ തൗഫീഖ് കിട്ടി. മസ്ജിദിൽനിന്ന് വീട് അകലെയായിരുന്നിട്ടും സുബ്ഹിയും മഗ്‌രിബും ഇശായും മസ്ജിദിൽ വന്ന് നമസ്കരിക്കുമായിരുന്നു. അവധി ദിവസം രാവിലെ മുതൽ അസ്‌ർവരെയുള്ള സമയം മസ്ജിദിൽ ചെലവഴിക്കുമായിരുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്തും നഫ്‌ലുകൾ നമസ്കരിച്ചുമിരിക്കുമായിരുന്നു. ജുമുഅ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന വ്യക്തിയും എം.ടി.എ കാണുന്നയാളും ഖലീഫത്തുൽ മസീഹിന്റെ ഖുത്ബ സ്ഥിരമായി കേൾക്കുന്ന ദേഹവുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏതെങ്കിലും ഗ്രന്ഥം എപ്പോഴും വായനയിലുണ്ടാകുമായിരുന്നു. സഹായം ചോദിച്ചെത്തുന്ന ആരേയും സഹായിച്ചിരുന്നു. അദ്ദേഹം മെഡിക്കൽ ഡോക്ടറായിരുന്നു. പക്ഷേ, എന്നിട്ടും അദ്ദേഹം ജമാഅത്തിനുവേണ്ടി ഒരു വിധത്തിൽ എപ്പോഴും ജീവിതം വഖ്ഫ് ചെയ്തുവച്ചിട്ടുണ്ടായിരുന്നു. ബോയിലെ റീജ്യണൽ മിഷണറി അഖീൽ അഹ്മദ് സാഹിബ് എഴുതുന്നു:'ജമാഅത്തംഗങ്ങൾ സഹായത്തിനുവേണ്ടി ഡോക്ടർ സാഹിബിന്റെ അടുക്കൽ എപ്പോൾ അപേക്ഷ കൊണ്ടുവന്നാലും ബജറ്റിൽ തുക കാണുന്നില്ലെങ്കിലും (അതായത് മിഷണറി സാഹിബ് അത്തരം വ്യക്തികളെ ഡോക്ടർ സാഹിബിന്റെ അടുക്കൽ കൊണ്ടുപോകുമ്പോൾ, ആരെങ്കിലും അദ്ദേഹത്തിന്റെ അടുക്കൽ സഹായത്തിനായി വരുമ്പോൾ)ഒരിക്കലും അവരെ അദ്ദേഹം സഹായിക്കാതിരുന്നിട്ടില്ല. പരേതൻ അങ്ങേയറ്റം ദയാലുവും വാത്സല്യമുള്ള ആളുമായിരുന്നു. ജീവിതം ജമാഅത്തിനുവേണ്ടി അർപണം ചെയ്ത വാഖ്ഫീനെ സിന്ദഗിയെ വളരെ ശ്രദ്ധയോടെ ചികിത്സിക്കുമായിരുന്നു. തന്റെ കൈയിലുള്ള മരുന്നുകൾ അവർക്ക് സൗജന്യമായി കൊടുക്കുമായിരുന്നു. അവരോടു ദുആയ്ക്കുവേണ്ടി പറയുമായിരുന്നു. ദരിദ്രരെ സൗജന്യമായിട്ടാണ് ചികിത്സിച്ചിരുന്നത്. എന്നല്ല വരാനും പോകാനുമുള്ള ചെലവും സ്വയം നല്കുമായിരുന്നു. ഒരുപാട് രോഗികൾക്ക് ഹിരണ്യയുടെ ഓപ്പറേഷൻ സൗജന്യമായി ചെയ്തുകൊടുത്തിരുന്നു. ആരോഗ്യം നല്ല അസ്ഥയിൽ അല്ലാത്തപ്പോൾ ഏതെങ്കിലും രോഗി വന്നാൽ അവരെ ആശുപത്രിയിലേക്കയക്കുമായിരുന്നു. ഫീസ് അദ്ദേഹംതന്നെ നല്കുമായിരുന്നു. ഒരു മുഖ്‌ലിസായ അഹ്മദി ഡോക്ടർ അൽഹാജ് ശേയ്ഖോ താമോ സാഹിബ് അദ്ദേഹം മുഖേന ബയ്അത്ത് ചെയ്യുകയും ജമാഅത്തിന് സ്ഥലം സമ്മാനമായി നല്കുകയും ചെയ്തു. ഇദ്ദേഹം ശേഷം വന്നു ത്യാഗങ്ങളിൽ മുന്നിട്ടുപോയിരിക്കുന്നുവെന്നും നഗരമധ്യത്തിൽ ഒരു സ്ഥലം ജമാഅത്തിന് കൊടുത്തിരിക്കുന്നുവെന്നും ഇതുപോലെ മസ്ജിദിന്റെ നിർമാണത്തിനായി 35 മില്യൺ ലിയോണിന്റെ വലിയൊരു തുക നല്കിയെന്നും ഡോകട്ർ ബങ്കോറ സാഹിബ് അറിഞ്ഞു. പരേതൻ അഹ്മദിയ്യത്തിന്റെ പ്രേമിയും അഹ്മദിയ്യത്തിന്റെ ഖലീഫമാർക്കുവേണ്ടി അങ്ങേയറ്റം ആത്മാർഥതയോടെ ദുആ ചെയ്യുന്ന വ്യക്തിയും പുണ്യാത്മാവുമായിരുന്നു. പരേതൻ മൂസിയായിരുന്നു. മറ്റു സാമ്പത്തിക പദ്ധതികളിലും അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. ദൂരദൂര രാജ്യങ്ങളിൽ കഴിയുന്ന ആളുകളാണിവർ. പക്ഷേ, അല്ലാഹുവിന്റെ കൃപയാൽ വിശ്വസിച്ചപ്പോൾ അതിൽ അവർ അഭിവൃദ്ധിപ്പെട്ടുകൊണ്ടേപോയി. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങളിലും അഹ്മദിയ്യത്ത് നിലനിറുത്തുമാറാകട്ടെ. എപ്പോഴും കൂറു പുലർത്തുന്നവരാകട്ടെ.

രണ്ടാമത്തെ ജനാസ നാഇബ് അമീർ ആസ്ത്രേലിയ ഖാലിദ് സയ്ഫുല്ലാഹ് ഖാൻ സാഹിബിന്റെ ഭാര്യ മൻസ്വൂറ ബീഗം സാഹിബയുടേതാണ്. അവർ 2016 ജൂലായ് 21 ന് ആസ്ത്രേലിയായിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരും ദുആ ചെയ്യുന്നവരും തഹജ്ജുദ് നമസ്കരിക്കുന്നവരും അഹ്മദിയ്യത്തിൽ അഭിമാനംകൊള്ളുന്നവരും ഖിലാഫത്തിനോടു അതീവ സ്നേഹത്തോടെ ബന്ധം പുലർത്തുന്നവരും പുണ്യവതിയുമായിരുന്നു. ആശുപത്രിയിലും നമസ്കാരത്തെകുറിച്ചുള്ള ചിന്തയായിരുന്നു. അവസാന രോഗം കാരണത്താൽ നമസ്കാരം മറന്നുപോകാറുണ്ടായിരുന്നു. തന്നോടൊപ്പം നമസ്കാരം ആവർത്തിക്കാൻ ഭർത്താവിനോടു പറയുമായിരുന്നു. ഇങ്ങനെ അവർ നമസ്കരിച്ചുകൊണ്ടിരുന്നു. സദ്ർ ലജ്ന ഇമായില്ലാഹ് ആസ്ത്രേലിയ, സദ്ർ ലജ്ന ഇമായില്ലാഹ് ലിബിയ, ഇപ്രകാരംതന്നെ പാക്കിസ്താനിൽ തർബീലയിലും ഹൽഖ സിവിൽലൈൻ ലാഹോറിലും ഖിദ്മത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചു. തന്റെ ടീമുണ്ടാക്കി പ്രവർത്തിച്ചിരുന്നു. വിശുദ്ധ ഖുർആനോടു വളരെ സ്നേഹമായിരുന്നു. നിത്യവും തിലാവത്ത് ചെയ്യാറുണ്ടായിരുന്നു. നമ്മുടെ കുട്ടികൾക്കു പുറമെ അനഹ്മദി കുട്ടികളേയും ഖുർആൻ പഠിപ്പിക്കാൻ തൗഫീഖ് കിട്ടി. പരേത മൂസിയയായിരുന്നു. ഓർമയോടുകൂടി തന്റെ ചന്ദ കൊടുത്തുകൊണ്ടിരുന്നു. ഹിസ്സ ജാഇദാദും ഹിസ്സ ആമദും 2016 ജൂലായ് വരെ അടച്ചു കഴിഞ്ഞിട്ടുണ്ട്. സന്തപ്ത കുടുംബാംഗങ്ങളിൽ ഭർത്താവിനു പുറമെ രണ്ടു ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. എല്ലാവരും വിവിധ രീതിയിൽ സേവനത്തിൽ നിരതരാണ്. അദ്ദേഹത്തിന്റെ ഒരു മകൻ ഉമർ ഖാലിദ് സാഹിബ് ഇവിടെയാണ് താമസിക്കുന്നത്. ലണ്ടനിലെ ഒരു ഹൽഖയുടെ സ്വദ്റാണ്. അദ്ദേഹത്തിന്റെ ഒരു മകൻ ആസ്ത്രേലിയായിൽ വഖ്ഫെ ജദീദിന്റെ നാഷണൽ സ്വദ്റാണ്. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അവരുടെ മക്കളിലും എപ്പോഴും ആത്മാർഥതയും കൂറും നിലനില്ക്കുമാറാകട്ടെ.

## 2016 ഉപസംഘടനകളുടെ അഖിലേന്ത്യാ വാർഷിക ഇജ്തിമാകൾ

സയ്യിദുനാ അമീറുൽമുഅ്മിനീൻ(അയ്യദഹുല്ലാഹ്) ഖാദിയാൻ ദാറുൽഅമാനിൽ താഴെ പറയുന്ന തിയതികളിൽ ഉപസംഘടനകളുടെ ഇജ്തിമാകൾ സംഘടിപ്പിക്കാൻ അനുവാദം നല്കി അനുഗ്രഹിച്ചിരിക്കുന്നു. സഹോദരന്മാരും സഹോദരിമാരും ഈ ആത്മീയ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ നടത്തുക.

✠ ലജ്ന ഇമായില്ലാഹ്-നാസിറാത്തുൽ അഹ്മദിയ്യാ ഇജ്തിമാ 2016 ഒക്ടോബർ 15, 16, 17 ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ.

✠ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമാ 2016 ഒക്ടോബർ 15, 16, 17 ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ

✠ മജ്‌ലിസ് അൻസ്വാറുല്ലാ ഇജ്തിമാ 2016 ഒക്ടോബർ 18, 19, 20 ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ.

Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

**(കഴിഞ്ഞ ലക്കത്തിൽ നിന്ന്)**

ഹദ്റത്ത് ഫാത്വിമയുടെ പക്കൽ കുറച്ചു വസ്ത്രമേ ഉണ്ടായിരുന്നുള്ളു, അതു കഴുക്കഴുകി ഉപയോഗിക്കുകയായിരുന്നു പതിവ്.

ഹദ്റത്ത് അലിയുടെ സാമ്പത്തികസ്ഥിതിയും മെച്ചപ്പെട്ടതായിരുന്നില്ല. പണിയെന്തെങ്കിലും കിട്ടിയാൽ ഉടനെ അതുകൊണ്ട് ധാന്യം വങ്ങിയിടും. ഹദ്റത്ത് ഫാത്വിമ(റ)ഭക്ഷണം പാചകം ചെയ്തു കൊടുക്കും. വീട്ടിൽ സാധനമുണ്ടെങ്കിൽ കൃത്യസമയത്തു ഭക്ഷണം തയ്യാർ ചെയ്ത് ഹദ്റത്ത് അലിയുടെ മുന്നിലെത്തിക്കും. സുബ്ഹി നമസ്കാരം കഴിഞ്ഞാൽ ധാന്യം കുത്തിപൊടിക്കാൻ തുടങ്ങും. ഒരിക്കൽ ഹദ്റത്ത് അലി(റ)പറഞ്ഞു: 'റസൂലിന്റെ മകളേ! അല്പസമയം വിശ്രമിക്കുക. ആരാധനാ കർമങ്ങൾ കൂടുതൽ ചെയ്യുന്നതുകൊണ്ടും കൂടുതൽ ജോലി എടുക്കുന്നതുകൊണ്ടും രോഗം മൂർച്ഛിക്കാനിടയുണ്ട്.' ഹദ്റത്ത് ഫാത്വിമ(റ) ചിരിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവിനെ ആരാധിക്കുന്നതും അങ്ങയ്ക്കു സേവനം ചെയ്യുന്നതും തന്നെയാണ് എന്റെ രോഗത്തിനുള്ള ചികിത്സ. ഇവ രണ്ടിൽ ഏതെങ്കിലും ഒന്നു കാരണത്താൽ മരണം ഉണ്ടായാൽതന്നെ അതിനെക്കാൾ നല്ല മരണം മറ്റെന്താണ്.?' ഇതു കേട്ട് ഹദ്റത്ത് അലി(റ)പറഞ്ഞു: 'ഫാത്വിമ ഉത്തമയായ സ്ത്രീകളിൽപ്പെട്ടവളാണെന്ന് അല്ലാഹുവിന്റെ റസൂൽ പറഞ്ഞത് എത്രമാത്രം ശരിയാണ്!'

ഒരു നിവേദനം ഇങ്ങനെ വന്നിട്ടുണ്ട്, ഹദ്റത്ത് അലി(റ)പറഞ്ഞു: 'ഫാത്വിമ അല്ലാഹുവിന്റെ സൃഷ്ടികളിൽ ഉത്തമയാണെന്നപോലെ ഉത്തമയായ കുടുംബിനിയുമാണ്. എന്റെ വീട്ടിൽ പട്ടുവസ്ത്രങ്ങൾ ഒന്നും ഇല്ലെന്നത് ശരിതന്നെ. പക്ഷേ ഫാത്വിമയുടെ ആട്ടുകല്ലിൽ പൊടിപടലങ്ങളൊന്നുമില്ല. ഞങ്ങളുടെ വിരിപ്പുകൾ പൊടിപിടിച്ചു കിടക്കുകയുമില്ല. അവളുടെ പുതപ്പിൽ കണ്ടംവെച്ചു തുന്നിയിട്ടുള്ളതു കാണാം. പക്ഷേ, അതിൽ അഴുക്കൊന്നും ഉണ്ടാകുകയില്ല.' ഇപ്പറഞ്ഞതിൽനിന്നെല്ലാം ഹദ്റത്ത് ഫാത്വിമയുടെ(റ) സൗശീലം മനസ്സിലാക്കാൻകഴിയും.

മനുഷ്യ പ്രകൃതിയനുസരിച്ച് ദമ്പതിമാർക്കിടയിൽ വല്ലപ്പോഴുമൊക്കെ വഴക്കുകളുണ്ടാകുന്നതും സർവസാധാരണമാണ്. ഇവർക്കിടയിലും അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, രണ്ടു പരിശുദ്ധാത്മാക്കളുടേയും പവിത്രമായ സ്വഭാവങ്ങളെ അത് ഒരു വിധത്തിലും ബാധിച്ചിരുന്നില്ല. എപ്പോഴെങ്കിലും ചെറുതോ വലുതോ ആയ വല്ലപ്രശ്നവും ഉണ്ടായാൽ അവർക്കിടയിൽ വളരെ നല്ല നിലയിൽ നബി(സ)തിരുമേനി രഞ്ജിപ്പ് ഉണ്ടാക്കുമായിരുന്നു. നിവേദനം: "ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയി. പുറത്തു വന്നപ്പോൾ മുഖത്ത് സന്തോഷം പ്രസരിച്ചുകണ്ടു. അനുചരന്മാർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! അകത്തു പോയപ്പോൾ അങ്ങയുടെ അവസ്ഥ ഇതായിരുന്നില്ലല്ലോ? പുറത്തു വന്നപ്പോൾ തികച്ചും സന്തോഷത്തിൽ കാണുന്നു.' നബി(സ)പറഞ്ഞു:' എനിക്കു ഏറ്റവുമധികം പ്രിയപ്പെട്ട ഇവരെ രണ്ടുപേരേയും തമ്മിൽ ഞാൻ ഇണക്കിയിരിക്കുന്നു." ഇപ്രകാരം തന്നെ മറ്റൊരു നിവേദനമുണ്ട്. 'ഒരിക്കൽ അലിയെക്കുറിച്ചുള്ള പരാതിയുമായി ഹദ്റത്ത് ഫാത്വിമ(റ),നബി(സ)യുടെ അടുക്കൽവന്നു. ഫാത്വിമയുടെ പിന്നാലെ ഹദ്റത്ത് അലിയും(റ) അവിടെയെത്തി. നബി(സ) ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞു, 'മോളേ! ഏതു ഭർത്താവാണ് തന്റെ ഭാര്യയുടെ അടുക്കൽ നിശബ്ദനായി നടന്നു വരുന്നതെന്ന് നീ മനസ്സിലാക്കണം.' ഈ വാക്കുകൾ ഹദ്റത്ത് അലിയുടെ മനസ്സിൽ ആഴത്തിൽ തറച്ചു. ഹദ്റത്ത് അലി(റ) പ്രതിജ്ഞയെടുത്തു: 'ഇനി ഫാത്വിമയ്ക്കു ചേരാത്തതൊന്നും ഞാൻ ചെയ്യുകയില്ല.

ഒരിക്കൽ ഹദ്റത്ത് അലി പള്ളിമുറ്റത്തുവന്നു കിടന്നു. വീട്ടിൽനിന്ന് ദ്വേഷപ്പെട്ട് ഇറങ്ങിപ്പോന്നതാണെന്ന് നബി(സ)തിരുമേനിക്കു മനസ്സിലായപ്പോൾ ഉടനെ അടുത്തെത്തി. അലിയുടെ പുറത്തു പറ്റിപ്പിടിച്ചിരുന്ന മണൽത്തരികൾ തട്ടിക്കളഞ്ഞുകൊണ്ടു പറഞ്ഞു, 'അബൂ തുറാബേ! എഴുന്നേല്ക്കുക.' രണ്ടു പ്രാവശ്യം നബി(സ) അതാവർത്തിച്ചു. നബി(സ)തിരുമേനി വിളിച്ച ആ പേര് ഹദ്റത്ത് അലിയ്ക്കു നന്നേ പിടിച്ചു. ഹദ്റത്ത് ഫാത്വിമയോടും ഹദ്റത്ത് അലിയോടും നബി(സ) തിരുമേനിക്ക് ഒത്തിരി സ്നേഹമുണ്ടായിരുന്നു. ചിലപ്പോൾ എന്റെ മൂത്താപ്പായുടെ മക്കളേ എന്ന് അവരെ വിളിക്കുമായിരുന്നു.

ഒരിക്കൽ ഹദ്റത് അലി(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: 'ഫാത്വിമയ്ക്ക് ഇഷ്ടമില്ലാതെ ഞാൻ ഇന്ന ഇന്ന ആളുകളുടെ അടുക്കൽ പോകുന്നതുകൊണ്ട് എന്നോടു വെറുപ്പാണ്.' ഹദ്റത്ത് ഫാത്വിമ ഉടനെ പറഞ്ഞു, 'അല്ല, അല്ല എനിക്കൊരിക്കലും അലിയെ വെറുക്കാൻ കഴിയില്ല. അദ്ദേഹത്തിന് തെറ്റു പറ്റിയിരിക്കുന്നു. ഞാൻ വെറുതെ അങ്ങനെ പറഞ്ഞുവെന്നേയുള്ളു.' ഒരിക്കൽ അല്ലാഹുവിന്റേയും ഇസ്ലാമിന്റേയും ശത്രുവായിരുന്ന അബൂജഹ്ൽതന്റെമകളെഅലിയെകൊണ്ട്വിവാഹം കഴിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. നബി(സ) ഇത് അറിഞ്ഞപ്പോൾ മിമ്പറിൽ കയറി നിന്ന് പ്രസംഗിച്ചു: 'ഹിശാമിന്റെ കുടുംബം, അലിയ്യുബ്നു അബീത്വാലിബിന്റെ നിക്കാഹ് തന്റെ മകളുമായി നടത്താൻ ആഗ്രഹിക്കുന്നു. എന്നോട് അതിനു സമ്മതം ചോദിക്കുന്നു. പക്ഷേ, അല്ലാഹുവാണ! ഞാനൊരിക്കലും അതിനു സമ്മതം നല്കുകയില്ല. ഹലാലിനെ ഹറാമാക്കുന്നതിനും ഹറാമിനെ ഹലാലാക്കുന്നതിനുമല്ല ഞാൻ നില്ക്കുന്നത്. അല്ലാഹുവാണ! ഒരു നബിയുടെ മകളും അല്ലാഹുവിന്റെ ശത്രുവിന്റെ മകളും പരസ്പരം ഒത്തുപോകുകയില്ല. ഫാത്വിമ എന്റെ ശരീരത്തിന്റെ ഭാഗമാണ്. ആരാണോ അവളെ ബുദ്ധിമുട്ടിക്കുന്നത് അവൻ എന്നെ ബുദ്ധിമുട്ടിക്കുന്നു.' ഈ വാക്കുകൾ ഹദ്റത്ത് അലിയെ പിടിച്ചു കലുക്കി കളഞ്ഞു. അദ്ദേഹം ഫാത്വിമായുടെ ജീവിതകാലത്ത് മറ്റൊരു വിവാഹം കഴിച്ചില്ല. ഹദ്റത്ത് ഫാത്വിമയുടെ മരണശേഷം അവരുടെ വസിയ്യത്തനുസരിച്ച് ഫാത്വിമയുടെ സഹോദരി സയ്നബിന്റെ മകൾ ഉമാമയെ വിവാഹം കഴിച്ചു. ആ അവസരത്തിൽ നബി(സ) തിരുമേനി ഇങ്ങനേയും പറഞ്ഞിരുന്നു: 'അലി ബിൻ ത്വാലിബിന് എന്റെ മകളെ ത്വലാഖുചൊല്ലി ഹിശാമിന്റെ മകളെ വിവാഹം കഴിക്കാവുന്നതാണ്.' ആ ഘട്ടത്തിൽ നബി(സ)തിരുമേനി തന്റെ മൂത്ത മരുമകനായ അബുൽആസിനെ അദ്ദേഹം തന്നോടു പറഞ്ഞതെല്ലാം നിറവേറ്റി കാണിച്ചുവെന്നു പറഞ്ഞ് ഒരുപാട് പുകഴ്ത്തുകയും ചെയ്തു.

**നബി(സ)യുടെ വിയോഗം:** ഹിജറ 10-ാംവർഷം അവസാനിക്കുന്ന സന്ദർഭം. വിശുദ്ധഖുർആനിലെ പ്രസിദ്ധമായ വചനം ഇറങ്ങി:

"ഇന്നേ ദിവസം സത്യനിഷേധികൾ നിരാശരായിരിക്കുന്നു. നിങ്ങൾ അവരെ ഭയപ്പെടരുത്. എന്നെ ഭയപ്പെടുക. ഇന്നേ ദിവസം നിങ്ങളുടെ മത ത്തെ ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്കു പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്കു മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."

ഈ വചനത്തിൽനിന്ന് നബി(സ)തിരുമേനിയുടെ അന്ത്യം അടുത്തിരിക്കുന്നുവെന്ന് മുസ്ലീംകൾ മനസ്സിലാക്കി. നബി(സ) കഅ്ബാദേവാലയത്തിൽ ഹജ്ജ് കർമവും നിർവഹിച്ചു കഴിഞ്ഞിരുന്നു. ഹജ്ജ് കർമം നിർവഹിച്ച നബി(സ)മദീനയിലെത്തി. രണ്ടു മാസം കഴിഞ്ഞപ്പോൾ രോഗശയ്യയിലായി. ഒരു ദിവസം കഠിനമായ തലവേദനയും പനിയുമുണ്ടായി. ഈ പനി ഓരോ ദിവസവും കൂടിക്കൂടി വന്നു. അതിനോടൊപ്പം ക്ഷീണവുംകൂടി. ആറു ദിവസത്തിനുശേഷം ക്ഷീണം വീണ്ടുംകൂടി. ഹദ്റത്ത് മയ്മൂനായുടെ വീട്ടിൽനിന്ന് ഹദ്റത്ത് ആയിശായുടെ വീടുവരെ നബി(സ) എത്തിയത് രണ്ടാളുടെ സഹായത്താലാണ്. അവസാനമായി ബാധിച്ച രോഗത്തിൽ നബി(സ) തിരുമേനിയുടെ ബുദ്ധിമുട്ടും വിഷമവുംകണ്ട് ഹദ്റത്ത് ഫാത്വിമ(റ) കരയിൽ പിടിച്ചിട്ട മത്സ്യത്തെപോലെ പിടയ്ക്കുകയും ഏങ്ങലടിച്ചു കരയുകയും ചെയ്തു. ഫാത്വിമയുടെ അവസ്ഥ കണ്ടപ്പോൾ നബി(സ)അടുത്തേക്കു വിളിച്ചു. ചെവിയിൽ എന്തോ മന്ത്രിച്ചു. അപ്പോൾ ഹദ്റത്ത് ഫാത്വിമയുടെ കരച്ചിലിന് ആക്കംകൂടി. ഉടനെ മറ്റേ കാതിലും എന്തോ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഫാത്വിമ ചിരിച്ചു. എന്താണ് പറഞ്ഞതെന്ന് ഹദ്റത്ത് ആയിശാ(റ)ചോദിച്ചപ്പോൾ പറഞ്ഞു: 'അല്ലാഹുവാണ! എന്റെ ഉപ്പ ജീവിച്ചിരിക്കെ ഈ രഹസ്യം ഞാനൊരിക്കലും വെളിപ്പെടുത്തുകയില്ല.'

18 ദിവസം പനി ഒരുപോലെനിന്നു. തലവേദനയും അസഹ്യമായിരുന്നു. കഠിനമായ ആ വിഷമം കണ്ട് ഹദ്റത്ത് ഫാത്വിമ(റ)അനിയന്ത്രിതമായി പറഞ്ഞുപോയി: 'ഹോ! എന്റെ പിതാവിന്റെ വിഷമമേ! 'തന്റെ പ്രിയപ്പെട്ട മകളുടെ വേദനതിങ്ങിയ ആ വാക്കുകൾ നബി(സ)കേട്ടു. മെല്ലെ പറഞ്ഞു: 'മകളേ, ഇന്നേയ്ക്കുശേഷം നിന്റെ ഉപ്പാക്ക് ഒരു വിഷമവുമുണ്ടാകുകയില്ല.' നബി(സ)തിരുമേനിയുടെ ചുണ്ടുകൾ ചലിക്കുന്നതായി കണ്ടു. അനുഗൃഹീത ചുണ്ടുകളിലെ ആ ചലനം ഈ വാക്കുകളായിരുന്നു.:

'അല്ലാഹുമ്മ റഫീഖിൽ അഅ്ലാ.'

വേർപാടിന്റെ ആ ദിനവും അവസാനം വന്നെത്തി. ഹിജറത്ത് കഴിഞ്ഞ് 11-ാം വർഷം. റബീഉൽ അവ്വൽ മാസത്തിന്റെ 12-ാം ദിവസം. ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റായുടെ തലയ്ക്കുമീതെനിന്ന് തന്റെ പരിശുദ്ധനായ പിതാവിന്റെ തണൽ എന്നെന്നേക്കുമായി നീങ്ങിപ്പോയി. മുസ്ലീംകളുടെ തലയ്ക്കുമീതെയും പരിശുദ്ധ നബി(സ)യുടെ അനുഗൃഹീത തണൽ ഇല്ലാതെയായി. നബി(സ)തിരുമേനിയുടെ വേർപാടിനുശേഷം ഹദ്റത്ത് ഫാത്വിമയെ ചിരിക്കുന്ന മുഖത്തോടെ ആരും കണ്ടിട്ടില്ലെന്ന് ഹദീഥ് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ മഹതി എപ്പോഴും ഉദാസീനയും ദുഃഖാർത്തയുമായിരുന്നു. ഹദ്റത്ത് അനസ്(റ) പറയുന്നു: "ഖബ്റടക്കം കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ ഹദ്റത്ത് ഫാത്വിമ എന്നോടു ചോദിച്ചു.: 'അനസേ! താ ങ്കൾക്ക് ഏതു മനസ്സോടെയാണ് അല്ലാഹുവിന്റെ റസൂലിനെ മണ്ണിന്നടിയിൽ മറയ്ക്കാൻ കഴിഞ്ഞത്?" ഇതും പറഞ്ഞ് പൊട്ടിപ്പൊട്ടി കരയാൻ തുടങ്ങി. (തുടരും)

## തോട്ടക്കാരന്റെ(Gardener)ഒഴിവ്

സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽ തോട്ടാലങ്കാര വകുപ്പിൽ തോട്ടക്കാരന്റെ ഒഴിവ് നികത്താൻ ആഗ്രഹിക്കുന്നു. സദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ തോട്ടക്കാരന്റെ ഗ്രേഡിൽ (നാലാം ദർജ)സേവനം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് താഴെ പറയുന്ന നിബന്ധനപ്രകാരം അപേക്ഷിക്കാവുന്നതാണ്.

1. ഉദ്യോഗാർഥിക്ക് വിദ്യാഭ്യാസം ബാധകമല്ല. 2. ഉദ്യോഗാർഥി 25 വയസ്സിനു താഴെ പ്രായമുള്ള ആളായിരിക്കണം. ജനന സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്. 3. കേന്ദ്ര കമ്മിറ്റി നടത്തുന്ന ഇന്റർവ്യൂവിൽ വിജയിക്കുന്നവരെയായിരിക്കും തിരഞ്ഞെടുക്കുക. 4. ഖാദിയാനിലെ നൂറ് ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് ജോലിക്ക് പ്രാപ്തരായവരെയാണ് തിരഞ്ഞെടുക്കുക. 5. ഇതുസംബന്ധമായി ഖാദിയാനിൽ വരാനുള്ള ചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്. 6. തിരഞ്ഞെടുക്കപ്പെട്ടാൽ ഖാദിയാനിലെ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. 7. നള്ളാറത്തെ ദീവാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽനിന്ന് നിശ്ചിത അപേക്ഷ ഫോറം വാങ്ങാവുന്നതാണ്. ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ വരുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.(നാളിരീൻ ദീവാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ) കൂടുതൽ വിവരത്തിന് ബന്ധപ്പെടുക:

ഓഫീസ് ഫോൺ:01872-501130
മൊബൈൽ: 0 9815 4337 60
e.mail: nazaratdiwanqdn@gmail.com

| | | |
|---|---|---|
| **EDITOR**<br>**H.Shamsuddin**<br>Mobile : +91-84376-99866<br>Sub Editor : Mohammad Ismaeel<br>Mobile : +91-94466-56123<br>e-mail : badarkerla@gmail.com | (Title Code:- PUNMAL00001)<br>ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*<br>Distt. Gurdaspur (Pb.) INDIA Qadian - 143516<br>Vol-1 Thursday 25 August Issue-25 | **MANAGER**<br>**NAWAB AHMAD**<br>Tel : +91-1872-224757<br>Mobile: +91-94170-20616<br>e-mail : managerbadrqnd@gmail.com<br>website : www.alislam.org/badr<br>**ANNUAL SUBSCRIPTION** Rs.300/- |


**ഞാൻ കരുതുന്നത് ലോകത്തിന്റെ സമാധാനം ഇപ്പോൾ നമ്മുടെ മുമ്പിൽ സുപ്രധാനവും അതിസൂക്ഷ്മവുമായ പ്രശ്നമാണെന്നാണ്. മുഴുവൻ മനുഷ്യരും ജാതിമതവർഗ വർണങ്ങൾക്കതീതമായി സമാധാനം മൈത്രി സഹിഷ്ണുത പരസ്പരാദരം തുടങ്ങിയ അടിസ്ഥാനപരമായ മാനുഷികമൂല്യങ്ങളെ ഉയർത്തിപിടിക്കേണ്ടിവരും. ഭരണകൂടത്തിനും മതത്തിനും ഇരുകൂട്ടർക്കും എല്ലാവിധ പക്ഷപാതത്തിൽനിന്നും പരിശുദ്ധരാകേണ്ടിവരും. ഇത് കാലത്തിന്റെ ആവശ്യമാണ്.നമ്മളെല്ലാവരും സത്യസന്ധതയും അനശ്വരമായ സമാധാനസംസ്ഥാപനത്തിന്റെ രൂപീകരണത്തിന്റെ ആഗ്രഹപൂർത്തീകരണത്തിനുംവേണ്ടി പരിശ്രമിക്കേണ്ടി വരും.**

**ഈ പലായനംചെയ്ത് ഇവിടെ വന്നിട്ടുള്ള മുസ്ലീംകളുടേയും അഭയാർഥികളുടേയും മതപരമായ കടമയാണ്, ഈ രാജ്യം അവർക്ക് ഇവിടെ വസിക്കുന്നതിനും ഇവിടെനിന്നും ഫലമെടുക്കുന്നതിനും അനുവാദം നല്കിക്കൊണ്ട് ചെയ്തിട്ടുള്ള ഔദാര്യം എപ്പോഴും ഓർമിക്കുക എന്നത്. ഈ രാജ്യത്തിനുള്ളിൽ സമാധാനത്തോടെ ജീവിക്കുക എന്നതും ഈ രാജ്യത്തെ നിയമങ്ങൾ പാലിക്കുക എന്നതും അവരുടെ നിർബന്ധ കടമയായിത്തീരുന്നു. ഈ സമൂഹത്തിന്റെ ഫലപ്രദമായ ഭാഗമായിത്തീരുക എന്നത് എല്ലാ അഭയാർഥികളുടേയും നിർബന്ധ കടമയാണ്. ഈ രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കും വിജയത്തിനും സഹായിക്കുക.**

## സ്വൂഡന്റെ തലസ്ഥാനമായ സ്റ്റോക്ഹോമിൽ 2016 മെയ് 17 ന് സംഘടിപ്പിച്ച ഒരു സ്വാഗതപരിപാടിയിൽ അമീറുൽമുഅ്മിനീന്റെ ഉജ്വല പ്രഭാഷണം.

ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്ന് ചൊല്ലിക്കൊണ്ടാണ് തന്റെ പ്രഭാഷണം അമീറുൽ മുഅ്മിനീൻ ആരംഭിച്ചത്. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും കേൾപ്പിച്ചു.

അതിനുശേഷം അമീറുൽമുഅ്മിനീൻ പറഞ്ഞു:'ആദരണീയരായ അതിഥികളേ! നിങ്ങളിലെല്ലാവരിലും അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും ഇറങ്ങുമാറാകട്ടെ. ഒന്നാമതായി ഞാൻ ഈ അവസരത്തിൽ ഈ പരിപാടിയുടെ ക്ഷണം സ്വീകരിച്ചതിന് നിങ്ങൾക്കെല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു:'നമ്മൾ ഇപ്പോൾ സങ്കീണമായൊരു കാലഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഞാൻ കരുതുന്നത് ലോകത്തിന്റെ സമാധാനം ഇപ്പോൾ നമ്മുടെ മുമ്പിൽ സുപ്രധാനവും അതിസൂക്ഷ്മവുമായ പ്രശ്നമാണെന്നാണ്. ദുർഘടമായ ഈ നിമിഷത്തിൽ അവസ്ഥകളെ നമുക്കെങ്ങനെയാണ് നേരിടാൻ കഴിയുക? എന്റെ അഭിപ്രായത്തിൽ മുഴുവൻ മനുഷ്യരും ജാതി മത വർഗ വർണങ്ങൾക്കതീതമായി സമാധാനം മൈത്രി സഹിഷ്ണുത പരസ്പര ആദരം തുടങ്ങിയ അടിസ്ഥാനപരമായ മാനുഷിക മൂല്യങ്ങളെ ഉയർത്തിപിടിക്കേണ്ടിവരും. ഏതെങ്കിലും വ്യക്തിയുടെ വിശ്വാസാദർശങ്ങൾ, മതം അല്ലെങ്കിൽ വർഗത്തെ അടിത്തറയാക്കി അവനോടു വിവേചനപരമായി പെരുമാറാൻ ഇപ്പോൾ ലോകത്ത് ഒരു സാധ്യതയുമില്ല. അതുകൊണ്ട് ഭരണകൂടത്തിനും മതത്തിനും ഇരുകൂട്ടർക്കും എല്ലാവിധ പക്ഷപാതത്തിൽനിന്നും പരിശുദ്ധരാകേണ്ടിവരും. എല്ലാ ഓരോരുത്തർക്കും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വിശ്വാസം സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണ്. കാരണം അവന്റെ വിശ്വാസം വ്യക്തിപരമായ ഒരു കാര്യമാണ്. അതിന്റെ ബന്ധം അവന്റെ മനസ്സും ബുദ്ധിയുമായിട്ട് മാത്രമാണ്. അതുകൊണ്ട് എല്ലാ ആളുകൾക്കും അവരവരുടെ മതപരമായ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടാവേണ്ടതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇത് കാലത്തിന്റെ ആവശ്യമാണ്.നമ്മളെല്ലാവരും സത്യസന്ധതയും അനശ്വരമായ സമാധാനസംസ്ഥാപനത്തിന്റെ രൂപീകരണത്തിന്റെ ആഗ്രഹപൂർത്തീകരണത്തിനുംവേണ്ടി പരിശ്രമിക്കേണ്ടി വരും. എന്നാൽ, ഖേദകരമായ കാര്യം മുസ്ലിം രാഷ്ട്രങ്ങൾ ഇക്കാലത്ത് ലോകത്ത് അസ്ഥിരതയുടേയും കലഹങ്ങളുടേയും കേന്ദ്രമായി തീർന്നിരിക്കുന്നു എന്നതാണ്. കാരണം ഈ രാജ്യങ്ങളിലെ ഭരണകൂടങ്ങളും നേതാക്കന്മാരും തങ്ങളുടെ മതങ്ങളുടെ അധ്യാപനങ്ങൾക്ക് ഒരു പരിഗണനയും നല്കുന്നില്ല. പക്ഷേ, പാശ്ചാത്യദേശത്ത് വസിക്കുന്നവരും തങ്ങളെ ഈ അപകടത്തിൽനിന്ന് സുരക്ഷിതരാണെന്ന് മനസ്സിലാക്കരുത്. കാരണം ഇക്കാലഘട്ടത്തിൽ ലോകം ചുരുങ്ങി ഒരു ആഗോളഗ്രാമമായി മാറി കഴിഞ്ഞിരിക്കുകയാണ്. ലോകത്തിന്റെ ഒരു ഭാഗത്തുണ്ടാകുന്ന കുഴപ്പങ്ങളുടെ സ്വാധീനം അവിടെമാത്രം ഒതുങ്ങിനില്ക്കുകയില്ല. മുസ്ലിം ലോകത്തെ അസ്ഥിരത നിത്യേന മറ്റു രാജ്യങ്ങളിലും പടർന്നു പിടിക്കുന്നതായി നമ്മൾ കാണുന്നു. വാസ്തവത്തിൽ അതിന്റെ സ്വാധീനം നേരിട്ട് ഇവിടെ സ്വൂഡനിലും കാണാൻ കഴിയുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു: 'ഇപ്പോൾ ദീർഘദീർഘ യാത്ര ചെയ്യൽ എളുപ്പമായിരിക്കുന്നു. കഴിഞ്ഞ വർഷംതന്നെ കോടിക്കണക്കിന് അല്ലെങ്കിൽതന്നെയും ലക്ഷക്കണക്കിനാളുകളെ യുദ്ധം ബാധിച്ചു. സിറിയയിൽ നിന്നും ഇറാഖിൽനിന്നും ഓടി നല്ല ഭാവി അന്വേഷിച്ച് ആളുകൾ ഇവിടെ പാശ്ചാത്യദേശത്ത് വരികയുണ്ടായി. സ്വൂഡൻ ഭരണകൂടത്തിന്റേയും സ്വൂഡൻ ജനതയുടേയും വിശാലമനസ്കതകൊണ്ട് ഈ രാജ്യം തങ്ങളുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തങ്ങളുടെ ഭാഗത്തെക്കാൾ ഒരുപാടു കൂടുതൽ അഭയാർഥികളെ സ്വീകരിച്ചു. ഇത്ര അധികം അഭയാർഥികളെ തങ്ങളുടെ ഉള്ളിൽ ചേർക്കുക എന്നതുതന്നെ ബാഹ്യത്തിൽ സ്വൂഡൻ കരുണ ഹൃദയരും വിശാലമനസ്കരുമായ ആളുകളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണെന്ന് സ്ഥാപിച്ചുകാണിക്കുന്നു. നിങ്ങളുടെ ഈ വിശാലമനസ്കത ഇവിടെ പലായനം ചെയ്തുവരുന്നവരുടേയും അഭയാർഥികളുടേയും വളരെ വലിയ ഉത്തരവാദിത്വമാണ് നിങ്ങളിലിടുന്നത്. അവർ ഇവിടെ ഒരു സമാധാനകാംക്ഷിയായ പൗരനായി കഴിയണമെന്നും ഇവിടത്തെ സർക്കാറിനോടും ജനതയോടും നന്ദിയുള്ളവരായിരിക്കണമെന്നും ഇത് അവരോടു ആവശ്യപ്പെടുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'യഥാർഥത്തിൽ ഇസ്ലാമിന്റെ സ്ഥാപകർ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)നമ്മെ പഠിപ്പിച്ചത് തന്റെ സുഹൃത്തിനോടു നന്ദികാണിക്കാൻ സാധിക്കാത്തവനെ അല്ലാഹുവിനോട് നന്ദി കാണിക്കുന്നവനെന്ന് പറയാൻ സാധിക്കുകയില്ലെന്നാണ്. അതുകൊണ്ട് ഈ പലായനംചെയ്ത് ഇവിടെ വന്നിട്ടുള്ള മുസ്ലീംകളുടേയും അഭയാർഥികളുടേയും മതപരമായ കടമയാണ്, ഈ രാജ്യം അവർക്ക് ഇവിടെ വസിക്കുന്നതിനും ഇവിടെനിന്നും ഫലമെടുക്കുന്നതിനും അനുവാദം നല്കിക്കൊണ്ട് ചെയ്തിട്ടുള്ള ഔദാര്യം എപ്പോഴും ഓർമിക്കുക എന്നത്. ഈ അഭയാർഥികൾ സമാധാനം അന്വേഷിച്ച് തങ്ങളുടെ പഴയജീവിതം ഉപേക്ഷിച്ച് പുറപ്പെട്ടവരാണ്. ഇപ്പോൾ അവർക്ക് സമാധാനവും സംരക്ഷണവും കിട്ടിയിരിക്കുന്നു. അപ്പോൾ ഈ രാജ്യത്തിനുള്ളിൽ സമാധാനത്തോടെ ജീവിക്കുക എന്നതും ഈ രാജ്യത്തെ നിയമങ്ങൾ പാലിക്കുക എന്നതും അവരുടെ നിർബന്ധ കടമയായിത്തീരുന്നു. ഈ സമൂഹത്തിന്റെ ഫലപ്രദമായ ഭാഗമായിത്തീരുക എന്നത് എല്ലാ അഭയാർഥികളുടേയും നിർബന്ധ കടമയാണ്. ഓർമിക്കുക! ഇസ്ലാമിന്റെ നബി, ഹദ്റത്ത് മുഹമ്മദ്(സ) ഒരു മുസ്ലിമിന്റെ ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്ന അധ്യാപനമാണ് നല്കിയിരിക്കുന്നത്. അതിനാൽ ഏതൊരു രാജ്യമാണോ ഈ അഭയാർഥികളെ സ്വീകരിച്ചത് അവർ ഈ രാജ്യത്തോട് എന്നെന്നും കൂറു പുലർത്തിക്കൊണ്ട് കഴിയേണ്ടതാണ്. തങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് ഈ രാജ്യത്തിന്റെ അഭിവൃദ്ധിയിലും വിജയത്തിലും സഹായിക്കുക.

അമീറുൽമുഅ്മിനീൻ പറഞ്ഞു:ഇതിനുപുറമെ സർക്കാർ ഈ അഭയാർഥികളെ പാർപിക്കുന്നതിൽ മാത്രം മുഴുകിയിരിക്കാൻ പാടില്ല എന്നത് അവരുടേയും ചുമതലയാണ്; അതിന്റെ ഫലമായി അവരുടെ ഇപ്പോഴുള്ള പൗരന്മാരുടെ അവകാശങ്ങൾ അവഗണിക്കപ്പെടാൻ പാടില്ല. ആദ്യംതന്നെ ഇത്തരം റിപ്പോർട്ടുകൾ വന്നിട്ടുള്ളതാണ്. അഭയാർഥികൾക്ക് മുൻഗണനനല്കപ്പെടുന്നു എന്ന് തദ്ദേശവാസികൾ മാധ്യമങ്ങളോടു പരാതിപ്പെടുകയുണ്ടായി. ഒരു റിപ്പോർട്ടനുസരിച്ച് പ്രായംചെന്ന ഒരു വൃദ്ധയ്ക്ക് ആശുപത്രിയിൽ വേണ്ടുംവിധം ചികിത്സ നല്കപ്പെട്ടില്ല. ആശുപത്രിയിൽ കഴിയുന്ന വേളയിൽ ഭക്ഷണവും പൂർണമായും നല്കപ്പെട്ടില്ല. മറുഭാഗത്ത് അഭയാർഥികൾക്ക് എല്ലാവിധത്തിലുള്ള പരിഗണനയും നല്കിക്കൊണ്ടിരിക്കുന്നു. ഈ റിപ്പോർട്ട് എത്രമാത്രം സത്യമാണെന്ന് അല്ലാഹുവിനെ അറിയൂ. പക്ഷേ, ഈ റിപ്പോർട്ടിൽ എന്തെങ്കിലും വാസ്തവമുണ്ടെങ്കിൽ ഇക്കാര്യം വളരെ പ്രയാസമുണ്ടാക്കുന്നതും ഭയാനകവുമാണ്. അഭയാർഥികൾക്ക് തുടർന്നും ഈ രീതിയിൽ മുൻഗണന നല്കിക്കൊണ്ടിരുന്നാൽ അതിന് ഭയാനകമായ പ്രതികരണമായിരിക്കുമുണ്ടാകുക. ഇത്തരം അനീതി കാരണത്താൽ തദ്ദേശവാസികളിൽ സ്വാഭാവികമായും അനിഷ്ടകരവും നിരാശാപരവുമായ വികാരങ്ങൾ ഉടലെടുക്കുന്നതാണ്. അതെളുപ്പത്തിൽ അഭയാർഥികൾക്കെതിരെ വെറുപ്പായി മാറാൻ സാധ്യതയുണ്ട്. സ്വൂഡിഷ് ജനത ഒരു കാലമായി തങ്ങളുടെ വിശാലമനസ്കത കാരണത്താൽ തിരിച്ചറിയപ്പെടുന്നവരാണ്. എന്നാൽ, അവരോടുള്ള വിവേചനപരമായ പെരുമാറ്റം അവരുടെ രീതിയിൽ പെട്ടെന്ന് മാറ്റമുണ്ടാക്കാവുന്നതാണ്. അതുമുഖേന സമൂഹത്തിലെ സമാധാനത്തിന് അപകടം വരാവുന്നതാണ്. പിന്നീട് ഈ മാറ്റം പലായനത്തിന്റേയും Integrationന്റേയും പോസിറ്റീവായിട്ടുള്ള സ്വാധീനങ്ങളിൽനിന്ന് ഫലമെടുക്കുന്നതിനു പകരം വിദ്വേഷത്തിലും സംഘട്ടനത്തിലും വർധനവിന് കാരണമായി തീരാം

(തുടരും)

### ഇർശാദുന്നബ്വി(സ)

"നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു."
(ബുഖാരി)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

### ഇർശാദുന്നബ്വി(സ)

"സ്വർഗം ഓരോരുത്തരോടും ചെരുപ്പിന്റെ വാറിനെക്കാൾ കൂടുതൽ അടുത്തിരിക്കുന്നു; അപ്രകാരം തന്നെ നരകവും."(ബുഖാരി)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin